# JAGRATHA

## ജാഗ്രത ന്യൂസ് NEWS

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

February 2019
Issue 268




പാപ്പായും നവോത്ഥാന യാത്രകളും — 2
ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

സഭാശുശ്രൂഷകർക്ക് ഒരു പാഠം — 3
ബിഷപ് മാർ ജേക്കബ് മുരിക്കൻ

ജീസസ് ദി പി.ആർ.ഒ — 4
ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി.

ഒറ്റയ്ക്കുവളരുകയും ഒന്നിച്ചുതളരുകയും ചെയ്യുന്ന കേരളസഭ — 7
ഫാ. റോയി കണ്ണൻചിറ സി.എം.ഐ

സഭൈക്യവാരാചരണത്തിന്റെ പ്രസക്തി — 8
ഫാ. പ്രസാദ് കുരിശുങ്കൽ സി.എസ്.റ്റി.

കാലം കാതോർത്തിരിക്കുന്നു... — 10
ഫാ. വർഗീസ് വള്ളിക്കാട്ട്

വി. ജെ. ജെയിംസിന്റെ എഴുത്തനുഭവത്തിലൂടെ — 12
സി. ഗ്ലാഡിസ് ഒ.എസ്.എസ്

The Kerala Church (properties and institutions) bill 2019 — 14

കെ.സി.ബി.സി. പ്രസ്താവനകൾ, വാർത്തകൾ — 15
കൊലപാതകരാഷ്ട്രീയത്തിന് അറുതി വേണം: കെസിബിസി
ഭീകരാക്രമണത്തെ കെസിബിസി ഐക്യ ജാഗ്രതാ കമ്മീഷൻ അപലപിച്ചു

വാങ്മയം — 24


For Private Circulation Only

## സന്ദേശം

# പാപ്പായും നവോത്ഥാന യാത്രകളും

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)



പനാമയിലെ ആഗോള യുവജനസംഗമവേദിയിൽ ഫ്രാൻസിസ് പാപ്പായുടെ സന്ദർശനം അവിസ്മരണീയമായിരുന്നു. വിശ്വാസത്തിലും പ്രത്യാശയിലും മുന്നേറുവാനും സന്തോഷത്തോടെ സുവിശേഷത്തിന് സാക്ഷ്യംവഹിക്കാനുമാണ് പനാമയിൽ നടന്ന പതിനാലാമത് ലോക യുവജനദിനാഘോഷത്തിൽ യുവജനതയോട് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനംചെയ്തത്. വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശങ്ങളുയർത്തി 7 ലക്ഷത്തിൽപരം യുവജനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഒന്നിച്ചുകൂടി. യുവജനങ്ങളെ ശ്രവിക്കാൻ സഭ ഏറെ ശ്രമിക്കുന്നുണ്ടെന്നും അവർ വിശുദ്ധമായ ഒരു സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും ശില്പികൾ ആയിരിക്കണമെന്നും അവരാണ് ഈ സമൂഹത്തിന്റെ പ്രതീക്ഷ എന്നും പാപ്പാ തന്റെ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞു. ഇത്തരത്തിൽ കേരളസഭയും യുവജനങ്ങളെ ഗൗരവമായി പരിഗണിക്കുകയും അവരെ മുഖ്യധാരയിലേക്ക് നയിച്ച് സഭയെ ശക്തിപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ' എന്ന വി. ഫ്രാൻസിസ് അസ്സീസ്സിയുടെ വിശ്വോത്തര പ്രാർത്ഥന ആപ്തവാക്യമാക്കിയാണ് മതസൗഹാർദ്ദത്തിന്റെയും മാനവികതയുടെയും കാഹളദൂതുമായി കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ അബുദാബിയിൽ വന്നിറങ്ങിയത്. അബുദാബി കിരീടാവകാശി ഷെയ്ഖ് മുഹമ്മദ് ബിൻസായിദിന്റെ പ്രത്യേക ക്ഷണപ്രകാരമാണ് മാനവസാഹോദര്യ സമ്മേളനത്തിൽ പങ്കെടുക്കാൻ മൂന്നു ദിവസത്തെ സന്ദർശനത്തിന് എത്തിയത്. അറബ് ലോകത്ത് ആദ്യമായി കാലുകുത്തിയ പാപ്പ എന്ന ഖ്യാതിയും ഫ്രാൻസിസ് പാപ്പാ സ്വന്തമാക്കി. എല്ലാ കീഴ്‌വഴക്കങ്ങളെയും മാറ്റിമറിച്ചുകൊണ്ട് അതിഗംഭീരമായ സ്വീകരണമാണ് പത്രോസിന്റെ പിൻഗാമിക്ക് യു.എ.ഇയിൽ ലഭിച്ചത്. സ്വീകരണച്ചടങ്ങിലും ദിവ്യബലിയിലും പങ്കെടുക്കുന്നവർക്ക് അവധിയും ഫ്രീയായി യാത്രാസൗകര്യവും ഒരുക്കിയതിലൂടെ ക്രൈസ്തവവിശ്വാസികളെ മാത്രമല്ല മുഴുവൻ അറബ് ലോകത്തെയും അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുക തന്നെ ചെയ്തു ഈ യു.എ.ഇ. ഭരണകൂടം. മനുഷ്യഹൃദയങ്ങളിൽ സ്നേഹവും സമാധാനവും ആശ്വാസവും പ്രത്യാശയും പകരുന്നതായിരുന്നു പാപ്പായുടെ സന്ദർശനം. മതത്തിന്റെ പേരിലുള്ള വിദ്വേഷവും അക്രമങ്ങളും ഒരു തരത്തിലും ന്യായീകരിക്കാനാവില്ലെന്നും പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും തയ്യാറാകുമ്പോൾ വിദ്വേഷത്തിനും ആക്രമണങ്ങൾക്കും ഇടം കിട്ടാതെയാകുമെന്നും പാവങ്ങളെ സഹായിക്കുന്നതിലൂടെ ദൈവത്തിന്റെ സ്വരം ശ്രവിക്കുവാൻ കഴിയുമെന്നും അബുദാബിയിലെ മതാന്തര സമ്മേളനത്തിൽ അദ്ദേഹം ഓർമിപ്പിച്ചു. വിശ്വാസങ്ങളുടെ പേരിൽ ഭിന്നിപ്പുകൾ സൃഷ്ടിക്കാനും മതിലുകൾ ഉയർത്താനും വെമ്പൽ കൊള്ളുന്ന ഈ ലോകത്തിൽ ഹൃദയവിശാലതയുടെയും സാഹോദര്യത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും നവ്യപാഠങ്ങൾ തീർത്ത ഈ സന്ദർശനത്തിന്റെ അലയടികൾ ലോകമെമ്പാടും വ്യാപിക്കട്ടെ എന്നു പ്രത്യാശിക്കാം.

ഇതിനിടെ ബാലപീഡനവിഷയത്തിന് സഭയിൽ ശാശ്വത പരിഹാരം കാണാനായി മാർപാപ്പ റോമിൽ വിളിച്ചു ചേർത്ത അന്താരാഷ്ട്ര സമ്മേളനം ലോകത്തിനു തന്നെ അതിശയമായിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ധാർമികശക്തി ഇത്തരമൊരു വിഷയത്തിൽ ആത്മവിമർശനപരമായി എടുക്കുന്ന ഈ നിലപാട് പിന്തുടരാതിരിക്കാൻ ലോകത്തിൽ ഒരു പ്രസ്ഥാനത്തിനും സമൂഹത്തിനും കുടുംബത്തിനും വ്യക്തിക്കും ഇനി ആവില്ലല്ലോ! തിന്മയോട് സന്ധിയില്ലാസമരം ചെയ്യാൻ ലോകത്തെ നിർബന്ധിക്കുകയാണ് സഭ.

നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാനും കേരളം വീണ്ടും ഭ്രാന്താലയമാകാതിരിക്കാനും എന്ന പേരിൽ മതിലുകൾ തീർക്കുകയും 'മോചന യാത്രകൾ' നടത്തി അണികളുടെ ഇടയിൽ പുകമറ സൃഷ്ടിക്കുകയും ചെയ്യുന്ന രാഷ്ട്രീയതന്ത്രങ്ങൾ ഇവിടെ വിലപ്പോകില്ല എന്ന് നമ്മുടെ രാഷ്ട്രീയ സംഘടനകൾ ഇനിയും മനസ്സിലാക്കിയിട്ടില്ല. 16-ാം നൂറ്റാണ്ടുമുതൽതന്നെ വിദ്യാഭ്യാസത്തിലൂടെ ജനതയെ നവോത്ഥാനത്തിലേക്ക് നയിച്ച, ദുരാചാരങ്ങൾക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിച്ച, അച്ചടിയിലൂടെ അറിവിലേക്ക് തേർതെളിച്ച മഹാരഥൻമാരായ മിഷണറിമാരെയെല്ലാം തമസ്കരിച്ചു കൊണ്ടാണ് 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും ജീവിച്ചിരുന്നവരെമാത്രം നായകരാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഉദയംപേരൂർ സൂനഹദോസും പോർട്ടുഗീസ് മിഷണറിമാരും അർണോസ് പാതിരിയെപ്പോലുള്ള ഭാഷാനിപുണരും ബെച്ചിനെല്ലി പിതാവും ചാവറയച്ചനും എന്നു വേണ്ട തദ്ദേശീയരും വിദേശീയരുമായ നിരവധി ആളുകൾ ഈ മുന്നേറ്റങ്ങളിലൊക്കെ മുമ്പേ നടന്നവരാണ്. സത്യത്തെ തമസ്കരിച്ച്, ഭാഗികശരികൾക്കും അസത്യങ്ങൾക്കുംവേണ്ടി വാർത്തകൾ സൃഷ്ടിക്കുന്നവർക്കെതിരേ നിതാന്തജാഗ്രത നമുക്കാവശ്യമാണ്.

കേരള സഭ ഇന്ന് അനേകം വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. ചർച്ച്ആക്ട് നടപ്പിൽ വരുത്താൻ നടത്തുന്ന കുത്സിതശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകില്ല. അവകാശസംരക്ഷണം എന്ന വ്യാജേന വിശ്വാസികളെ ചിതറിക്കാനുതകുന്ന ചർച്ചകളും തീരുമാനങ്ങളും നടപ്പിൽ വരുത്താൻ വെമ്പൽകൊള്ളുകയാണ് ഭരണാധികാരികൾ. ക്രൈസ്തവസഭകളിൽ അരാജകത്വവും ഏകാധിപത്യവും ആണെന്നും അതിനെ എതിർക്കണമെന്നുമാണ് ഈ ആക്ടിൽ പറയാൻ ശ്രമിക്കുന്നത്. ഇത്തരം വിധ്വംസക പ്രവർത്തനങ്ങളിൽനിന്ന് അധികാരികൾ പിന്മാറിയേ പറ്റൂ.

ജമ്മുകാശ്മീരിലെ പുൽവാമയിൽ നമ്മുടെ രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച ജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനോടൊപ്പം രാജ്യത്തെ മുറിവേല്പിച്ചുകൊണ്ടിരിക്കുന്ന ഭീകരവാദത്തെ ഇല്ലായ്മചെയ്യുവാൻ നാം ഒറ്റക്കെട്ടായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com

# സഭാശുശ്രൂഷകർക്ക് ഒരു പാഠം

ബിഷപ് മാർ ജേക്കബ് മുരിക്കൻ



**വി**ശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭം മുതൽ ദൈവം ചില വ്യക്തികളെ പ്രത്യേകം വിളിക്കുകയും ദൗത്യങ്ങൾ ഏല്പിക്കുകയും ചെയ്യുന്നത് കാണാം. പഴയനിയമത്തിലും പുതിയനിയമത്തിലും ഇങ്ങനെ വിളികൾ ലഭിച്ച വ്യക്തികൾക്ക് അടിസ്ഥാനപരമായ ചില യോഗ്യതകൾ ഉള്ളതായും വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. വി. ലൂക്കാ സുവിശേഷകന്റെ പുതിയനിയമ രക്ഷാകര ചരിത്ര വിവരണം ആരംഭിക്കുന്നത് ഇപ്രകാരം വിളി ലഭിച്ച ഒരു സംഭവം വിവരിച്ചു കൊണ്ടാണ്. സക്കറിയായും എലിസബത്തും നീതിനിഷ്ഠരും ദൈവത്തിന്റെ പ്രമാണങ്ങളും ചട്ടങ്ങളും കുറ്റമറ്റവിധം പാലിക്കുന്നവരുമായിരുന്നു വെന്ന് പ്രത്യേകം പരാമർശിക്കുന്നു. പരിശുദ്ധ മറിയത്തെ ദൂതൻ ഗബ്രിയൽ സംബോധന ചെയ്തത് "കൃപനിറഞ്ഞവളെ" എന്നാണ്. ഈ യോഗ്യതക ളൊന്നും ഇവർക്ക് ജന്മനാലഭിച്ചതോ, സ്വയം ആർജ്ജിച്ചതോ അല്ല. പ്രത്യുത ദൈവവുമായി ഉണ്ടായിരുന്ന ബന്ധത്തിന്റെ ഫലമായി അവരിൽ കാണപ്പെട്ടവയായിരുന്നു. ദൈവത്തോടുള്ള വിശ്വസ്ത തയാണ് ഇവരുടെ പ്രത്യേകത. അതുകൊണ്ടുതന്നെ വിളിച്ചവനോടുള്ള വിശ്വസ്തതയെ പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

1 തിമോ 4:11-16 വരെയുള്ള ഭാഗം തിമോത്തി യോസ് സഭാശുശ്രൂഷയ്ക്കായി നിയോഗിക്ക പ്പെടുമ്പോൾ നല്കപ്പെടുന്ന സവിശേഷമായ നിർദ്ദേശങ്ങളാണ്. തിമോത്തിയോസിന്റെ പ്രായക്കുറവ് ദൈവനിയോഗത്തിന് തടസ്സമല്ലെന്ന് അവനെ ഓർമ്മിപ്പിക്കുമ്പോൾ തന്നെ പ്രായക്കുറവിനെ ഉല്ലംഘിക്കാൻ എന്ത് ചെയ്യണമെന്നും കൃത്യമായി പറയുന്നുണ്ട്. കൈവയ്പ് വഴി ലഭിച്ച കൃപാവരത്തെ അവഗണിക്കരുതെന്ന് മാത്രമല്ല ഉജ്ജ്വലിപ്പി ക്കണമെന്നും ആവശ്യപ്പെടുന്നു. അപ്പസ്തോലിക പിൻതുടർച്ചയെന്ന കൈവയ്പിനെയാണ് ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുന്നത്. അഞ്ചുകാര്യങ്ങളിൽ വിശ്വാസികൾക്ക് മാതൃകയായിരിക്കണം എന്ന് ഇവിടെ കൃത്യമായി പറയുന്നുണ്ട്. വാക്കുകളിലും, പെരുമാറ്റ ത്തിലും, സ്നേഹത്തിലും, വിശ്വാസത്തിലും, വിശുദ്ധി യിലും നീ മുമ്പിലുണ്ടാവണം എന്നതാണ് ഇവിടെ നിർദ്ദേശിക്കപ്പെടുന്നത്. ഈ അഞ്ചുകാര്യ ങ്ങൾ മൂല്യശ്രേണിയായി സ്വാഭാവികമായി വളർന്ന് മനുഷ്യസാദ്ധ്യമായ പൂർണ്ണത കൈവരിക്കണം എന്നും ദൈവം ആഗ്രഹിക്കുന്നു.

ആത്മീയജീവിതം ഒരു സുപ്രഭാതത്തിൽ വിരിയുന്നതോ, മറ്റാരെങ്കിലും സ്വാധീനമുപയോഗിച്ച് രൂപപ്പെടുത്തുന്നതോ അല്ല. സാധാരണജീവിത വ്യാപാരങ്ങളിലുടനീളം പരന്ന് ഒഴുകുന്ന നദിപോലെ യാവണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് സഭാശുശ്രൂഷയെ സംബന്ധിക്കുന്ന പഞ്ചഗ്രന്ഥിയായി ഈ ഘടകങ്ങളെ കാണുവാൻ സാധിക്കും. ഈ സാധാരണ ആത്മീയ വളർച്ചയ്ക്ക് മൂന്ന് കാര്യങ്ങൾ സഭ പാലിക്കണമെന്ന് സഭാശുശ്രൂഷയ്ക്ക് നേതൃത്വം നല്കാൻ തിരഞ്ഞെടുത്ത തിമോത്തിയോസിനെ ഓർമിപ്പിക്കുന്നു. വി. ലിഖിതങ്ങൾ വായിക്കുക, വിശ്വാസികൾക്ക് സമയാസമയങ്ങളിൽ ഉപദേശങ്ങൾ നല്കുക, വിശ്വാസികളെ പഠിപ്പിക്കുക. ഇക്കാര്യങ്ങൾ വളരെ പ്രധാനമായി അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നു. വി. ലിഖിതങ്ങളാണ് ഈ ശുശ്രൂഷയുടെ അടിസ്ഥാനം. വി. മർക്കോസ് 12:24-ൽ ഈശോ സദുക്കായരെ കുറ്റപ്പെടുത്തുന്നു. അവർക്ക് വലിയ തെറ്റുപറ്റിയെന്ന് അവിടുന്ന് ചൂണ്ടിക്കാട്ടുന്നു. അതിനുകാരണം വി. ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ ഗ്രഹിക്കാ ത്തതുകൊണ്ടാണെന്നും ഈശോ ചൂണ്ടിക്കാട്ടുന്നു. വി. ലിഖിതങ്ങളുടെ വ്യാഖ്യാനം ദൈവത്തിന്റെ കൃപ തന്നെയാണ്. അത് സഭയെ ഭരമേല്പിച്ചിരിക്കുന്നു. ദൈവത്തിന്റെ ശക്തി ഗ്രഹിക്കുന്നത് കാൽവരിയിലെ യാഗത്തിൽ നിന്നുമാണ്. പരി. കുർബാനയും കൂദാശ കളുമാണ് ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുന്നത്. വി. ലിഖിതങ്ങളുടെ പൊരുൾ ഗ്രഹിക്കുവാൻ ഉൾക്കണ്ണ് തുറക്കപ്പെടുന്നതും ദൈവാരാധനയിലാണ്. ദൈവ വചനത്തെ ആരാധനയിൽ നിന്നും വേർപെടുത്തി

വ്യാഖ്യാനിക്കുവാനുള്ള പ്രവണത ദിശമാറുവാനുള്ള സാധ്യതയും അപകടവും നമ്മുടെ മുന്നിൽ വയ്ക്കുന്നു. ദൈവവചനം മാംസം ധരിക്കുന്ന കൃപയുടെ സമയമാണ് ആരാധന.

വി. മത്തായി 24:45-51 വരെയുള്ള ഭാഗങ്ങളിൽ തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പറ്റി സൂചിപ്പിക്കുന്നു. ദൈവം തന്റെ ഭവനമായ സഭയിലെ അംഗങ്ങൾക്ക് യഥാസമയം ഭക്ഷണം കൊടുക്കുവാൻ സഭാശുശ്രൂഷകരെ തെരഞ്ഞെടുത്തിരിക്കുന്നു. സഭയിലെ ഭക്ഷണം വചനവും പരി. കുർബാനയും ആണ്. വചന മേശയിലും ബലിപീഠമാകുന്ന മേശയിലും ശുശ്രൂഷ ചെയ്യുന്ന സഭാശുശ്രൂഷകർക്ക് വിശ്വസ്തത കൂടിയേതീരൂ. ഈശോ പഠിപ്പിച്ച നല്ല സമരിയാക്കാരന്റെ ഉപമയിൽ സമറായക്കാരൻ മുറിവേറ്റവനെ സത്രത്തിൽ കൊണ്ടുചെന്ന് ഏല്പിച്ചശേഷം സത്രം സൂക്ഷിപ്പുകാരന് രണ്ട് ദനാറ കൊടുത്തിട്ട് പറഞ്ഞുവല്ലോ. ഇവനെ വേണ്ടവിധം പരിചരിക്കണം. കൂടുതൽ എന്തെങ്കിലും ആവശ്യമായി വന്നാൽ ഞാൻ വീണ്ടും വരുമ്പോൾ തന്നുകൊള്ളാം. കർത്താവ് തന്റെ ഭവനമായ സഭയിൽ ശുശ്രൂഷയ്ക്കായി ഏല്പിച്ച ജനത്തിന് പരിചരണത്തിന് നല്കിയ രണ്ടു ദനാറ വി. വചനവും പരി. കുർബാനയുമാണ്. മിശിഹായുടെ പ്രത്യാഗമനംവരെ സഭ ഈ ശുശ്രൂഷവഴി യഥാവിധി ഭവനത്തിലുള്ളവർക്കെല്ലാം നിത്യരക്ഷയ്ക്കായി ആവശ്യമായ ഭക്ഷണം നല്കുന്നു. സഭയിലെ മറ്റു ശുശ്രൂഷകളെല്ലാം ഈ ശുശ്രൂഷയുമായി ബന്ധപ്പെട്ടു മാത്രം നല്കുന്നതാണ്.

# ജീസസ് ദി പി.ആർ.ഒ

ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി

**[പി.ഒ.സിയിൽ നടന്ന സന്ന്യാസ സഭകളിലെ പി.ആർ.ഒ.മാരുടെയും മീഡിയ കൗൺസിലർമാരുടെയും ഡയറക്ടർമാരുടെയും യോഗത്തിൽ "സഭാ പ്രതിസന്ധികളും പ്രതികരണങ്ങളും " എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം ]**

പി.ആർ.ഒ. എന്നാൽ പബ്ലിക് റിലേഷൻ ഓഫീസർ. ഇതിനെ ജനസമ്പർക്ക കാര്യസ്ഥൻമാർ എന്ന് മലയാള വിവർത്തനം നടത്താം. ജനവുമായിട്ട് സമ്പർക്കമുണ്ടായിരിക്കുക. പൊതുജനബാന്ധവം എന്നും വിളിക്കാം. പി.ആർ.ഒ. മാർ എന്നാൽ പൊതുജനങ്ങളുമായി സംവദിക്കുക എന്നതാണെങ്കിൽ വെറും പ്രസ്സ് റിലീസുകൊണ്ടോ, പത്രസമ്മേളനം വിളിച്ചു കൂട്ടുന്നതുകൊണ്ടോ അവരുടെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. സുവിശേഷങ്ങൾ പരിശോധിച്ചാൽ അവിടെ ഒരു ജനസമ്പർക്ക കാര്യസ്ഥനെ കാണാൻ കഴിയും. ഈശോ! പിതാവിന്റെ പി.ആർ.ഒ ആണ് ഈശോ. ഈശോയുടെ മാതൃകയെ അപഗ്രഥിച്ചുകൊണ്ട് പി.ആർ.ഒ.മാരുടെ മൂന്നു മാനങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.




1. **പി.ആർ.ഒ. യുടെ സ്വത്വം (Identity)**
2. **പി.ആർ.ഒ. യുടെ ദൗത്യം**
3. **പ്രതിസന്ധിഘട്ടങ്ങളിലെ പി.ആർ.ഒ.**

**1. പി.ആർ.ഒ. യുടെ സ്വത്വം (Identity)**

പിതാവിൽ നിന്നും ശ്രവിച്ചവയല്ലാതെ സ്വന്തമായി തനിക്ക് ഒന്നും പറയാനാവില്ല എന്നാണ് ഈശോ പറഞ്ഞിരിക്കുന്നത്. പി.ആർ.ഒ. എന്ന നിലയിൽ ഒരുവന് സ്വന്തം സ്വത്വം ഉണ്ടാകാൻ പാടില്ല. സ്വത്വം ഇല്ലാത്തവനാണ് യഥാർത്ഥത്തിൽ പി.ആർ.ഒ. സ്നാപകയോഹന്നാൻ ഒരു നല്ല പി.ആർ.ഒ. ആണ്. മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദമാണ് അവൻ. പറയുന്നത് ആരെന്നറിയില്ല, ശബ്ദത്തെ മാത്രമേ അറിയൂ. ഇത് ഒരു നല്ല സന്ദേശമാണ്. സ്വന്തം

ആശയങ്ങൾ പറയുന്നതിനു വേണ്ടിയല്ല ആരും വക്താക്കളായി നിലകൊള്ളുന്നത്. ഒരു പ്രസ്ഥാനത്തിന്റെ, തിരുസഭയുടെ വക്താക്കൾക്ക് ആത്യന്തികമായി ഒരേ ശബ്ദമേ ഉണ്ടാകാൻ പാടുള്ളൂ, കാരണം നമ്മൾ എല്ലാം തിരുസഭയുടെ വക്താക്കളായി നിലകൊള്ളേണ്ടവരാണ്. ശക്തമായ പൊതുവികാരത്തിനനുകൂലമായ തീരുമാനങ്ങൾ സഭാ നേതൃത്വത്തിൽ ഉണ്ടാകാതിരിക്കുകയും പ്രതികൂലമായ തീരുമാനങ്ങൾ ഉണ്ടാകുകയും ചെയ്യുമ്പോൾ ആ തീരുമാനം സത്യാധിഷ്ഠിതമെങ്കിൽ അതിന്റെ സാംഗത്യം പൊതുജനങ്ങളെ പറഞ്ഞു പഠിപ്പിക്കുവാൻ പി.ആർ.ഒ. മാർക്ക് സാധിക്കണം. സന്ദേഹങ്ങൾക്കിടയിലും സഭയുടെ പക്ഷത്തുതന്നെ ഉറച്ചു നില്ക്കുന്ന സംഘർഷം ഇല്ലാത്ത വ്യക്തിത്വമാണ് പി.ആർ.ഒ. മാർക്ക് ഏറ്റവും ചേർന്നത്.

വക്താവും വാക്കും തമ്മിൽ സ്വത്വസംഘർഷം ഉണ്ടാകുകയാണെങ്കിൽ ആരാണ് ജയിക്കേണ്ടത്? പി.ആർ.ഒ.മാർ എന്ന് പറയുന്നത് വചനം തന്നെയാണ്. ആ വാക്ക് അവസാനിക്കപ്പെടാൻ പാടില്ല. അല്ലെങ്കിൽ ആ വാക്ക് നിശ്ശബ്ദമാകാൻ പാടില്ല. പി.ആർ.ഒ. മാർ മൗനികളായിട്ട് പോകുന്നതാണ് തിരുസഭയിൽ അടുത്തകാലത്ത് നമ്മൾ കണ്ട ഏറ്റവും വലിയ പ്രതിസന്ധി. പി.ആർ.ഒ.മാരുടെ മൗനം ഭീമമായ അപകടമാണ്. ഇവർ തിരുസഭയ്ക്ക് വലിയ ദ്രോഹം ചെയ്യും.

വൈദികരിൽ ചിലർ പൊതുവായി സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്: 'സഭയുടെ വക്താവായിട്ടല്ല ഞാൻ സംസാരിക്കുന്നത്' എന്ന് അവർ പറയാറുണ്ട്. എന്നാൽ ഇട്ടിരിക്കുന്ന അച്ചൻ കുപ്പായത്തിൽ നിന്നു ഇറക്കിവയ്ക്കാനാവാത്ത വലിയൊരു സ്വത്വമുണ്ട്. ഒന്നുകിൽ സഭയുടെ ശക്തമായ ശബ്ദമാകും. അല്ലെങ്കിൽ സഭയിലെ അന്തഃഛിദ്രങ്ങളുടെ ശബ്ദമാകും. കേരളത്തിലെ നാലു കോടി ജനങ്ങളുടെ മുമ്പിൽ നമ്മുടെ ഈ കുപ്പായങ്ങൾ വലിയൊരു പ്രഘോഷണം നടത്തുന്നുണ്ട്.

**2. പി.ആർ.ഒ. യുടെ ദൗത്യം**

ക്രിസ്തു പിതാവിന്റെ സത്യത്തെ ജനങ്ങൾക്കു നല്കിയതുപോല ജനത്തിന്റെ ആകുലതകളെ പിതാവിന് കൈമാറുകയും ചെയ്യുകയായിരുന്നല്ലോ. മുകളിൽ നിന്ന് താഴോട്ട് (top-down) എന്ന സമീപനവും താഴെ നിന്ന് മുകളിലോട്ട് (bottom-up)എന്ന സമീപനവും സമന്വയിക്കേണ്ട ബിന്ദു പി.ആർ.ഒ.യാണ്. പൊതുജനങ്ങളുമായി സംവദിച്ചുകൊണ്ടാണ് ഉദാത്തമായ ദൈവശാസ്ത്രവും നീതിശാസ്ത്രവും ഒക്കെ രൂപപ്പെട്ടുവരേണ്ടത്. ഈ കാലഘട്ടം ശ്രവണത്തിന്റെ കാലഘട്ടമാണ്. തിരുസഭയിലും ഈ മാറ്റം പ്രകടമാണ്. ഇതുവരെ സഭയുടെ ഊന്നൽ പ്രബോധന (teaching)ത്തിലായിരുന്നു. എന്നാൽ കഴിഞ്ഞ യുവജനസിനഡിന്റെ സുപ്രധാനമായ ഒരു ഊന്നൽ ശ്രവണം (listening) എന്നതായിരുന്നു. ഈ യൂത്ത് സിനഡിൽ 30 അല്മായ യുവതീയുവാക്കളുണ്ടായിരുന്നു. കർദ്ദിനാൾമാരോടും പിതാക്കന്മാരോടും അഭിപ്രായം പറയുന്നതിലും നല്ല ആശയങ്ങൾക്കു കൈയടിക്കാനും, തുറന്നു സംവദിക്കാനും അവർക്ക് അവസരങ്ങൾ ഉണ്ടായി. ഇതുപോലെ തുറവിയുള്ള ചർച്ചകൾ സഭയ്ക്കാവശ്യമാണ്. ജനസമ്പർക്കം നടത്തുന്നവർക്ക് ഉത്തരവാദിത്വം ഏറെയുണ്ട്, സഭയുടെ സത്യം പഠിപ്പിക്കുന്നതിനോടൊപ്പം, സഭയുടെ നിലപാടുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള ശ്രവണം നടത്താനുമുള്ള ഉത്തരവാദിത്വം പി.ആർ.ഒ. മാർക്കുണ്ട്.

പ്രബോധിപ്പിക്കുക സഭയുടെ മുഖ്യ അജണ്ട ആയിരിക്കെത്തന്നെ ദൈവജനത്തെ, പ്രത്യേകിച്ചും ചെറുപ്പക്കാരെ ശ്രവിച്ച് അതിൽ നിന്നും കൂടി നയങ്ങളും തീരുമാനങ്ങളും രൂപപ്പെടണം. പൊതുജനസമ്പർക്കം നടത്തിയിരുന്നെങ്കിൽ ഇതുപോലെയുള്ള പ്രതിസന്ധികളെ നേരിടേണ്ടി വരുമായിരുന്നില്ല. വിവാദപരമായ ഏതൊരു വിഷയത്തിലും ജനകീയാഭിപ്രായം ശേഖരിക്കുക എന്നത് മാധ്യമങ്ങളുടെ പതിവ് ശൈലിയാണ്. ഡേറ്റയാണ് ഇന്ന് സാമൂഹിക-രാഷ്ട്രീയ സംവിധാനങ്ങളെ നിയന്ത്രിക്കുന്നത്.

ക്ഷോഭം (anger) മോശമായ കാര്യമല്ല, എന്നാണ് മനഃശാസ്ത്രജ്ഞർ പറയുന്നത്. വിവാഹമോചനത്തിന്റെ മനഃശാസ്ത്രത്തിൽ കോപത്തിന്റെ അർഥം ഇതാണ്: 'എനിക്ക് നിന്നോട് പ്രശ്നം ഉണ്ട്. നിന്നെ ഗൗരവമായി എടുത്തിരിക്കുന്നു. അതിനു പരിഹാരം ഉണ്ടാക്കാൻ എനിക്ക് ആഗ്രഹമുണ്ട്. അതുകൊണ്ട് ഞാൻ നിന്നോട് കോപിക്കുന്നു'. കോപത്തിന്റെ അടുത്ത ഘട്ടം പുച്ഛമാണ്.(disgust) പരിഹരിക്കപ്പെടാതെ കിടക്കുന്ന ക്ഷോഭം ആണ് പുച്ഛം ആയി മാറുന്നത്. പുച്ഛത്തിന്റെ അർത്ഥം 'ഐ ഡോന്റ് കെയർ ഫോർ യൂ' എന്നുള്ളതാണ്. ഇതാണ് ഡിവോഴ്സിലേക്കു നയിക്കുന്നത്. തിരുസഭയുമായുള്ള ഡിവോഴ്സിലേക്ക് പലരും എത്തിച്ചേരുവാനുള്ള കാരണം പലപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്ന ക്ഷോഭങ്ങളാണ്, ഇവിടെ അവർക്കു കോപവും ദുഃഖവും ആവിഷ്ക്കരിക്കാൻ വേദികൾ കൊടുക്കണം. ഏറ്റവും അധികം ചെറുപ്പക്കാരെ മുന്നിൽ വച്ചുകൊണ്ട് ശുശ്രൂഷചെയ്യുന്ന സ്ഥാപനങ്ങൾനടത്തുന്ന സന്യാസികളാണ് ഇത്തരം ആത്മാവിഷ്കാരങ്ങൾക്കുള്ള സാഹചര്യങ്ങൾ ഒരുക്കികൊടുക്കേണ്ടത്.

**3. പ്രതിസന്ധിഘട്ടങ്ങളിലെ പി.ആർ.ഒ.**


പ്രതിസന്ധികളിൽ പി.ആർ.ഒ.മാർ എപ്രകാരമായിരിക്കണമെന്നുള്ളതിന് സുവിശേഷത്തിലെ ഈശോയെ മനസ്സിലാക്കണം. ശിമയോന്റെ വീട്ടിലെ ക്രിസ്തുവിനെപ്പറ്റിയാണ് വിചിന്തനം ചെയ്യുവാൻ ആഗ്രഹിക്കുന്നത്. പാപിനിയായ സ്ത്രീയെ തന്റെ കാലുകഴുകാൻ അനുവദിച്ചപ്പോൾ ഇവനൊരു പ്രവാചകനായിരുന്നുവെങ്കിൽ തന്റെ പക്കൽ ഇരിക്കുന്ന സ്ത്രീ എപ്രകാരമുള്ളവളാണ് എന്ന് അറിയാമായിരുന്നുവെന്നതാണ് ശിമയോന് ലഭിച്ച ഉതപ്പ്. ക്രിസ്തു ഇവിടെ 'ഉതപ്പിന്' ഹേതുവാകുകയാണ്. ശിമയോന്റെ വിശുദ്ധിദർശനത്തിൽ പാപിനിക്ക് സ്ഥാനമില്ല. യഥാർത്ഥ വിശുദ്ധിയിൽ എന്നതിൽ നിന്നും എത്രയോ അകലെയാണ് ശിമയോൻ എന്നു പറയുന്ന അല്പജ്ഞാനി. എല്ലാ ഉതപ്പിനും പിന്നിൽ വികലമായ ഒരു വിശുദ്ധദർശനമുണ്ട്. ക്രിസ്തു ആരാണെന്ന് ശിമയോൻ ഇനിയും മനസ്സിലാക്കാനിരിക്കുന്നതേയുള്ളൂ. ശിമയോനെ തിരുത്താൻ അവനോട് ഈശോ കഥ പറയുകയാണ്. ഈശോയുടെ കഥയിലുണ്ട് ഉതപ്പിന്റെ അർത്ഥം. അധികം സ്നേഹിപ്പിക്കുക! ഇതുപോലെ സഭയുടെ ഇടർച്ചകളിലെല്ലാം വികലമായ ഒരു മനുഷ്യദർശനം ഉണ്ട്. നമ്മുടെ ഉതപ്പുകളിലെല്ലാം അപക്വമായ ഒരു വിശുദ്ധിദർശനം ഉണ്ട്. ജനവുമായി സംവദിക്കേണ്ടവർ ദൈവശാസ്ത്രപരമായി, യഥാർത്ഥ വിശുദ്ധി എന്താണ് എന്നുപറഞ്ഞുകൊടുക്കണം. ഉതപ്പുകളിൽ ഒളിഞ്ഞുകിടക്കുന്ന അധിക കൃപ എന്താണ് എന്ന് പറഞ്ഞുകൊടുക്കണം. യഥാർത്ഥ ദൈവദർശനവും മനുഷ്യദർശനവും പഠിപ്പിക്കുവാൻ നല്ല അവസരങ്ങൾ ആണ് വിവാദങ്ങൾ. മാതൃഭൂമിയും ഏഷ്യാനെറ്റും വരെ കുമ്പസാരം ചർച്ച ചെയ്യുന്നത് എന്താണ് കുമ്പസാരം എന്ന് സെക്കുലർ ലോകത്തോട് പറഞ്ഞുകൊടുക്കാനുള്ള അവസരം ആണ്.

സഭയുടെ പ്രധാന പ്രബോധനമായ ഹ്യൂമൻ ഡിഗ്നിറ്റി അഥവാ മനുഷ്യമഹത്വം എന്താണെന്ന് മാർക്കറ്റുചെയ്യാൻ നമുക്ക് കിട്ടിയിരിക്കുന്ന വലിയൊരു അവസരമാണ് കോടതി വിധികൾ. സ്വാതന്ത്ര്യവും സ്നേഹവുമുള്ളവനാണ് മനുഷ്യനെന്നാണ് ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. പാപം ചെയ്യാൻ സ്വാതന്ത്ര്യം ഉള്ളപ്പോഴും പാപം ചെയ്യാതിരിക്കണം. നിയമപ്രകാരം വിലക്കിയിരിക്കുന്നതുകൊണ്ടല്ല നമ്മൾ പാപം ചെയ്യാതിരിക്കുന്നത്. നമ്മുടെ ഉള്ളിലെ നന്മതിന്മകളുടെ വിവേചനബുദ്ധി ഉപയോഗിച്ചുള്ള ധാർമ്മിക ബോധംകൊണ്ടാണ്. അതാണ് ഹ്യൂമൻ ഡിഗ്നിറ്റി എന്നു പറയുന്നത്. ഇവിടെയാണ് കത്തോലിക്കാസഭയുടെ ദർശനത്തിന് പ്രസക്തി വരുന്നത്. കോടതി വിധികൾ തിരുസഭയുടെ പ്രബോധനത്തിനുള്ള വെല്ലുവിളികളെന്നതിലുപരി അവസരങ്ങളാണ്.

ചരിത്രം പരിശോധിച്ചാൽ സന്ന്യാസസഭകൾ ഉണ്ടായത് തന്നെ തിരുസഭയിൽ ഓരോ പ്രതിസന്ധികളുണ്ടാകുന്ന സമയത്തായിരുന്നു എന്ന് കാണാം. തിരുസഭയിൽ ആശയപരവും സാമൂഹികവും ദൈവശാസ്ത്രപരവുമായ പാഷണ്ഡതകളും പ്രതിസന്ധികളും ഉണ്ടായപ്പോൾ രക്ഷകരായിട്ടാണ് സന്ന്യാസികൾ കടന്നുവരുന്നത്. സഭയിലെ ധാർമ്മികവും ആത്മീയവുമായ അധഃപതനങ്ങളുടെ കാലഘട്ടത്തിൽ പ്രതിസന്ധിയിൽ നിന്നും സഭയെ കൈപിടിച്ചു നടത്തിയ ഫ്രാൻസിസ് അസ്സീസി, ഇഗ്നേഷ്യസ് ലെയോള, ആവിലായിലെ തെരേസ, ജോൺ ഓഫ് ദ ക്രോസ് എന്നിവർ സഭയ്ക്കുവേണ്ടി ശക്തമായി നിലനിന്നത് നമുക്കറിയാം. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ സഭയെ രക്ഷിക്കുന്ന ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നത് സഭയിലെ സന്ന്യാസപ്രസ്ഥാനങ്ങളായിരുന്നു എന്ന കാര്യം ചിന്തനീയമാണ്. ഇത്തവണയും സന്ന്യാസികൾ രംഗത്തുണ്ടായിരുന്നു. അവർ പക്ഷെ പരിഹാരത്തിന്റെയല്ല, പ്രശ്നത്തിന്റെ ഭാഗത്തായിരുന്നു!

വെല്ലുവിളികളെ അവസരങ്ങളാക്കാൻ സഭയുടെ തിങ്ക് ടാങ്കുകൾ നന്നായി ജോലി ചെയ്യണം. ഈശോയെപ്പോലെ സെക്കുലർ ലോകത്തോട് കഥ പറയാൻ നമ്മൾ പഠിക്കണം. നിയമവും തത്ത്വവും പാരമ്പര്യവും അല്ലാതെ കഥ പറയാനറിയാവുന്നവർ നമ്മുടെയിടയിൽ കുറവാണ്. പ്രതിസന്ധിഘട്ടങ്ങളിൽ പുതിയ കഥകളും പുതിയ വ്യാഖ്യാനങ്ങളുമായി വരുവാനാണ് ജീസസ്-ദി-പി.ആർ.ഒ. പഠിപ്പിക്കുന്നത്.

oooooooooo





# ഒറ്റയ്ക്കു വളരുകയും ഒന്നിച്ചു തളരുകയും ചെയ്യുന്ന കേരളസഭ

**ഫാ. റോയി കണ്ണൻചിറ സി.എം.ഐ**

**[പി.ഒ.സിയിൽ നടന്ന സന്ന്യാസ സഭകളിലെ പിആർഒ മാരുടെയും മീഡിയ കൗൺസിലർമാരുടെയും ഡയറക്ടർമാരുടെയും യോഗത്തിൽ "സന്ന്യാസ്സഭാ സമൂഹങ്ങളും മാധ്യമസാക്ഷരതയും" എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം ]**

**നമ്മൾ ഒറ്റയ്ക്ക് വളരുന്നു, നമ്മൾ ഒരുമിച്ച് തകരുന്നു** ഒറ്റയ്ക്ക് വളരുന്നു എന്നു ഞാൻ പറയുമ്പോൾ നമ്മുടെ സഭയുടെ ഘടനതന്നെ അങ്ങനെയാണ്. കത്തോലിക്കാ സഭാംഗങ്ങളാണെന്ന് നമ്മൾ പറയുന്നു. അതേ സമയം നമുക്ക് മൂന്ന് റീത്തുകൾ ഉണ്ട്. ഒരു റീത്തിന്റെ വിഷയം മറ്റൊരാളിന്റേത് അല്ലാതെ ആകുന്ന ഒരു അന്തരീക്ഷം ഇവിടെ ഉണ്ടോ? മൂന്നു റീത്തുകളായി നമ്മൾ ഒറ്റയായി വളരുന്നു. മലങ്കര സഭ, ലത്തീൻ സഭ, സീറോ മലബാർ സഭ. മൂന്നു സഭകൾ തമ്മിലുള്ള ആന്തരിക ഐക്യം നമ്മെക്കാൾ കൂടുതൽ അറിയാവുന്നത് കേരളത്തിലെ സഭയെ താറടിക്കാൻ കാത്തിരിക്കുന്ന മാധ്യമങ്ങൾക്കാണ്. അതുപോലെ നമ്മുടെ രൂപതാ ഘടനയാണെങ്കിൽ അതിരൂപത, രൂപത, ഫൊറോന, ഇടവക ഇങ്ങനെ ഒരു ഘടനയാണ്. അതും സംഘാതമെന്നതിനെക്കാൾ ഒറ്റപ്പെട്ട ഘടനയാണ്. സന്ന്യാസ സഭകളിലാണെങ്കിൽ ജനറൽ, പ്രൊവിൻഷ്യൽ ഹൗസുകൾ, വിവിധ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എല്ലാം ഒറ്റയ്ക്ക് വളരാനുള്ള പരിശ്രമത്തിലാണ്. ഇതാണ് നമ്മൾ നേരിടുന്ന വലിയൊരു പ്രതിസന്ധി. നമ്മൾ ഇവിടെ ഒറ്റയായി നിലനില്ക്കേണ്ടവരാണോ? നമ്മെ ചൂഷണം ചെയ്യുന്നവരുടെ ആവശ്യമാണ് നമ്മെ ഒറ്റയാക്കുക എന്നുള്ള കാര്യം നാം തിരിച്ചറിയണം.

**നമ്മൾ ഒറ്റയ്ക്ക് വളരുന്നു; അവർ ഒരുമിച്ചുകൂടി നമ്മളെ തളർത്തുന്നു.** നമ്മളെ എതിർക്കുന്നവരുടെ ലക്ഷ്യം എന്തെന്ന് മനസ്സിലാക്കാൻ പ്രയാസങ്ങളുടെ അവസരത്തിലും അവരുടെ ഐക്യം കത്തോലിക്കാ സഭയെ തകർക്കുക എന്ന ലക്ഷ്യത്തോടെയാണെന്ന സത്യം നാം തിരിച്ചറിയണം. ഇക്കാര്യത്തിൽ അവർ ഒറ്റക്കെട്ടാണ്. എന്നാൽ ഒരുമിച്ച്നിന്ന് നമ്മെ തകർക്കുന്ന ശത്രുവിനോട് പോരാടാനുള്ള യുദ്ധക്കളത്തിൽ കത്തോലിക്കാസഭയെ ഒറ്റപ്പെടുത്തുന്നവർ ഒന്നിച്ചാണ് എന്ന് നമ്മൾ തിരിച്ചറിയണം. ഉള്ളുതുറന്നു ചർച്ച നടത്തിയില്ലെങ്കിൽ കെട്ടുപോകാം നമ്മുടെ വെട്ടം.

**നമ്മൾ ഒറ്റയ്ക്ക് സമ്പന്നരാകുന്നു, അവർ നമ്മളെ ഒരുമിച്ച് നിന്ന് ദരിദ്രരാക്കുന്നു.** നമ്മൾ ഒറ്റയ്ക്ക് സമ്പന്നരാകുകയാണ്. പക്ഷേ ഇത്രയും സമ്പന്നതയുള്ള നമ്മൾ ദരിദ്രനെപ്പോലെ പൊതു സമൂഹത്തിന്റെ മുമ്പിൽ വികലമാക്കപ്പെടുന്ന അവസ്ഥ ഇന്ന് ഏറി വരികയാണ്. സമ്പത്ത് എന്നു പറയുന്നത് എന്താണ്? കത്തോലിക്കാസഭയുടെ സമ്പന്നത എന്താണ്? ഗൂഗിൾപരമായി 3 റീത്തിലും വച്ച് 75 ലക്ഷം വിശ്വാസികൾ ഉണ്ട് എന്നതാണ് കണക്ക്. കത്തോലിക്കാസഭയ്ക്ക് 171 രൂപതകളുണ്ട്. രൂപതാ വൈദികർ 9301, സന്ന്യാസ വൈദികർ 6765, സിസ്റ്റേഴ്സ് 50112, വിദ്യാഭ്യാസ സ്ഥാപനങ്ങൾ 14245. ട്രെയിനിംഗ് സെന്റേഴ്സ് 1356, ഹോസ്പിറ്റൽസ് 1286, കെയർ ഹോംസ് 1900 ത്തിൽ അധികം ഉണ്ട്. 294 സ്പെഷ്യൽ സ്കൂളുകൾ കേരളത്തിൽ ഉണ്ട്. അതിൽ 134 എണ്ണം കത്തോലിക്കാ സഭയുടേതാണ്.

**നമ്മൾ ഒറ്റയ്ക്ക് നിന്നു പ്രതിരോധിക്കുന്നു, അവർ ഒരുമിച്ചുവന്നു നമ്മളെ പ്രതികളാക്കുന്നു**

എല്ലാ സഭകളിലും വലിയ സംവിധാനങ്ങളുണ്ട്. ആൾബലമുണ്ട്, സ്വാധീനമുണ്ട്. എന്റെ ശരീരത്തിലെ ഒരവയവമാണ് ആ വേദനിക്കുന്നത് എന്നു പറയാൻ കഴിയണമെങ്കിൽ ഈ ഇൻഡിവിചൽ ഈഗോ മാറി എന്റെ കാഴ്ചപ്പാടിലേക്ക് എന്റെ പ്രിയപ്പെട്ടവർകൂടി കടന്നു വരണം. അല്ലെങ്കിൽ ഞാൻ ഒറ്റയ്ക്കായിരിക്കും. പ്രതിരോധത്തിനുപകരം

പ്രതിയുടെ രോദനമാണ് ഇപ്പോൾ കേൾക്കുന്നത്. **നമ്മൾ ഒറ്റയ്ക്ക് പ്രഘോഷിക്കുന്നു, അവർ നമ്മെ ഒരുമിച്ചുവന്ന് നിശബ്ദരാക്കുന്നു.** ഇവിടെ പ്രഘോഷണത്തിന്റെ കഥയാണു ഞാൻ പറയുന്നത്. നമ്മൾ ഓരോരുത്തരും ചെയ്യുന്നത് എന്ത് എന്ന് നമുക്കു തന്നെ അറിയില്ല. പ്രളയം വന്നു, ഓഖി ദുരന്തം വന്നു, സുനാമി വന്നു. എന്തുമാത്രം നല്ല കാര്യങ്ങളാണ് നമ്മൾ ചെയ്തത്. കാരുണ്യ വർഷത്തിൽ കത്തോലിക്കാ സഭ കേരളത്തിൽ ചെയ്ത ശുശ്രൂഷയെകുറിച്ച് കത്തോലിക്കാസഭയിൽ തന്നെ എത്ര പേർക്കറിയാം?

കത്തോലിക്കാസഭ തിന്മയുടെ കൂടാരമാണെന്ന് ബാനറുകളെഴുതാനും വാർത്തകൾ കൊടുക്കാനും മാധ്യമങ്ങൾ മത്സരിക്കുന്ന സമയത്ത് നമ്മൾ ചെയ്യുന്ന നന്മകൾ നമ്മളെങ്കിലും അറിയണം. ഈ ചോദ്യം വിഭാഗീയതയല്ല. ഇത് സഭാ സ്നേഹമാണ്, സമുദായ സ്നേഹമാണ്. നമുക്ക് കുറച്ചുകൂടി ഐക്യവും കൂട്ടായ്മബോധവും ഉണ്ടാകണം.



# സഭൈക്യവാരാചരണത്തിന്റെ പ്രസക്തി

**(സഭൈക്യവാരാചരണത്തോടനുബന്ധിച്ച് പി.ഒ.സി.യിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ നൽകിയ സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങൾ)**

**ഫാ. പ്രസാദ് കുരിശുങ്കൽ സി.എസ്.റ്റി.**

എല്ലാ വർഷവും മുടക്കം കൂടാതെ നാം ആചരിച്ച് വരുന്ന ഒരു കാര്യമാണ് സഭൈക്യവാര പ്രാർത്ഥനയും സഭൈക്യവാരാചരണവും. ആരാധനാ വത്സരത്തിലെ ദനഹാ കാലത്തിലാണ് ഈ വാരം ആചരിക്കപ്പെടുന്നത്. വി. പത്രോസ് വി. പൗലോസ് ശ്ലീഹമാരുടെ തിരുനാൾ ദിവസമാണ് ഈ വർഷത്തെ ഐക്യവാരാചരണം തുടങ്ങിയത്. വി.പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളിനോടനുബന്ധിച്ചാണ് വാരാചരണം അവസാനിച്ചത്. ഒരാഴ്ചത്തെ ഈ ആചരണത്തിന്റെ ഇടയിൽ എല്ലാ സഭാ സമൂഹങ്ങൾക്കുവേണ്ടി നാം ഒന്നു ചേർന്നു പ്രാർത്ഥിക്കുന്നു. സെമിനാറുകൾ, ചർച്ചകൾ നടത്തുന്നു. അങ്ങനെ നമ്മുടെ സഭാജീവിതത്തിൽ ധാരാളം പരിപാടികൾ ഇതുമായി ബന്ധപ്പെട്ട് നടത്തി വരികയാണ്. ക്രിസ്തുവിന്റെ പരസ്യ ജീവിതത്തിനു ശേഷം വി. പത്രോസും വി. പൗലോസും തങ്ങളുടെ പ്രേഷിത പ്രവർത്തന മേഖലകളെ ക്രമീകരിച്ചതിനെ കുറിച്ച് നാം ധാരാളം വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. തർക്കങ്ങളും പ്രശ്നങ്ങളും ഒക്കെ ഉണ്ടായിരുന്നുവെങ്കിലും പ്രഘോഷിക്കപ്പെടുന്നത് ക്രിസ്തുവാണ് എന്നുള്ള ചിന്തയിൽ ശിഷ്യന്മാർ കൂടുതൽ തീക്ഷ്ണതയോടെ തങ്ങൾ ഏറ്റെടുത്ത ദൗത്യത്തിനുവേണ്ടി ജീവിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ഇന്ന് ധാരാളം കാര്യങ്ങൾ ഐക്യത്തിന്റെ തീക്ഷ്ണതയിൽ ചെയ്തു തീർക്കാൻ നാം പരിശ്രമിക്കുന്നു. യഥാർത്ഥത്തിൽ ഈ കാലഘട്ടം നമ്മിൽ നിന്നും ആവശ്യപ്പെടുന്ന രീതിയിൽ ഈ വിഷയത്തിൽ നാം ശ്രദ്ധിക്കുന്നവരാണോ എന്ന് വിചിന്തനം നടത്തുവാൻ പരിശ്രമിക്കേണ്ടതാണ്. സമകാലീനമായ സംഭവങ്ങൾ ഈ വാരാചരണത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നുണ്ട്. അതിനാൽ ഗൗരവപൂർവ്വം കർത്താവിന്റെ പക്ഷത്ത് നിന്നുകൊണ്ട് ഈ ആചരണത്തെകുറിച്ച് ഒരു പരിചിന്തനം നടത്തുവാനുള്ള ശ്രമമാണ് ഇവിടെ നടത്തേണ്ടത്. ഒന്നിച്ചായിരിക്കുന്നതിനെകുറിച്ചാണ് യേശു കൂടുതലായി സംസാരിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ യേശുവിന്റെ പുരോഹിത പ്രാർത്ഥനയാണ് നാം സാധാരണയായി സഭൈക്യവാര പ്രാർത്ഥനയുടെ ദിനങ്ങളിൽ വായിച്ച് ധ്യാനിക്കുന്നത്. ഇതിനോടനുബന്ധിച്ച് ചില കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പരിശ്രമിക്കാം.

സ്വർഗ്ഗത്തിലേയ്ക്ക് കണ്ണുകൾ ഉയർത്തി ദൈവത്തെ പിതാവേ എന്ന് വിളിക്കുവാൻ കഴിയുന്ന വരെ എല്ലാവരേയും ഉൾക്കൊള്ളുന്നതായിരിക്കണം നമ്മുടെ സഭയുടെ ഐക്യം. അതായിരുന്നു യേശുവിന് പൊതുവായിട്ട് ഉണ്ടായിരുന്ന വികാരവും. നിത്യജീവൻ പ്രാപിക്കുകയെന്നതാണ് സഭകളുടെയെല്ലാം പൊതുവായ ലക്ഷ്യം. അതായിരിക്കണം നമ്മുടെ ഒന്നിച്ചുവരവുകളുടെ ലക്ഷ്യം. നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി നാം നടത്തുന്ന പ്രവർത്തനങ്ങളിൽ മഹത്വം കൊടുക്കേണ്ടത് ദൈവത്തിനായിരിക്കണം. ഓരോ സഭയ്ക്കും അതിന് നേതൃത്വം നല്കുന്നവർക്കും മഹത്വം വേണം. ഇങ്ങനെ മഹത്വപ്പെടുന്നതിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് വിഘട സ്വഭാവം എന്നു പറയുന്നത്. ക്രിസ്തുവാണ് പ്രഘോഷിക്കപ്പെടുന്നത് എന്ന കാര്യം സൗകര്യ പൂർവ്വം മറന്ന് സ്വാർത്ഥ താത്പര്യങ്ങൾ രൂപപ്പെടുന്നത് ഭിന്നതകൾ ഉണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം നാം വിസ്മരിക്കരുത്.

യേശുവിന്റെ ഈ ലോകത്തിലെ അവസാനത്തെ ആഗ്രഹം പിതാവിന്റെ അടുത്ത് പങ്കുവയ്ക്കുന്നത് നാം കാണുന്നുണ്ട്. 'പിതാവേ നമ്മെ പോലെ അവരും ഒന്നായിരിക്കണം' എന്നാണത്. യേശുവിന്റെ ആഗ്രഹം നടപ്പാക്കാൻ പരിശ്രമിക്കാതെ നാം എന്തെല്ലാം പ്രാർത്ഥിച്ചാലും പ്രവർത്തിച്ചാലും പ്രയോജനകരമായിരിക്കുകയില്ല. യഥാർത്ഥത്തിൽ സഭാജീവിതത്തിന്റെ സന്തോഷം ഈ ലോകത്തിൽ പങ്കുവയ്ക്കുന്നതിന് കഴിയാത്തതിന്റെ കാരണം ഒന്നായിരിക്കുവാൻ നാം പരിശ്രമിക്കാത്തതു കൊണ്ടാണ്. സന്തോഷത്തിലായിരിക്കുമ്പോൾ എല്ലായിടത്തും ഐക്യത്തിന്റെ അരൂപി അനുഭവിക്കാൻ കഴിയും.

വിഘടിച്ച് നിന്നാൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുമെന്ന തത്വശാസ്ത്രം സഭാജീവിതത്തിനും ഐക്യവാര പ്രാർത്ഥനകൾക്കും യോജിക്കുന്നതല്ല. നമുക്ക് ഈ ചിന്ത നല്കിയ താരാണ്. നമ്മുടെ ശത്രുക്കൾ തന്നെയാണ്. ഒന്നിച്ചു നിന്നാൽ നാം ശക്തിയാർജ്ജിച്ച് വളർച്ച പ്രാപിച്ച് വലിയൊരു വിശ്വാസ സമൂഹമാകും. അങ്ങനെ വന്നാൽ നമ്മെ തകർക്കുക അസാധ്യമാണെന്ന് അറിയാവുന്ന ശത്രുക്കൾ തന്നെയാണ് ഈ ചിന്ത നമ്മുടെ ജീവിതത്തിൽ നല്കിയത്. ഈ കാര്യം മുൻകൂട്ടി കണ്ട് കർത്താവ് ഇങ്ങനെ പ്രാർത്ഥിച്ചു. ദുഷ്ടനിൽ നിന്ന് ഇവരെ കാത്തുകൊള്ളണം. സമൂഹത്തിൽ നിന്നും ഈ കാലഘട്ടങ്ങളെ വായിച്ചറിഞ്ഞ് പാഠങ്ങൾ ഉൾക്കൊള്ളുവാൻ നാം പരിശ്രമിക്കുന്നില്ല. തത്പരകക്ഷികൾ നമ്മോട് പറയുന്നത് തനിച്ച് നിന്ന് ഞങ്ങൾക്ക് വിജയിക്കുവാൻ കഴിയില്ല. അതിനാൽ ഞങ്ങൾ തമ്മിൽ ശത്രുക്കളാണെങ്കിലും പൊതുവായ ശത്രുവിനെ പരാജയപ്പെടുത്താൻ ഞങ്ങൾ ഒന്നിച്ചു സഖ്യങ്ങൾ ഉണ്ടാക്കുകയാണ്. ഈ സഖ്യങ്ങളെ കണ്ടിട്ടും നാം പഠിക്കുന്നില്ല. ഇവരുടെ ലക്ഷ്യം ഭൗതിക നേട്ടമാണ്. ഇന്നലെവരെ പരസ്പരം പഴിചാരുകയും വഴക്കടിക്കുകയും ചെയ്തിരുന്നവർ അധികാരത്തിനും നേട്ടങ്ങൾക്കും വേണ്ടിയും പൊതുവായ ശത്രുവിനെ പരാജയപ്പെടുത്തുവാൻ വേണ്ടിയും ഒന്നിച്ചുനില്ക്കുന്നു. അതിനാൽ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ പൊതുവായ ശത്രുക്കളെ തുരത്തുവാൻ, തിന്മയ്ക്കെതിരെ പോരാടുവാൻ നാം പ്രാർത്ഥനയിൽ ഒന്നിച്ചു നില്ക്കണം. വിഘടിച്ചു നിന്നാൽ ആര് നമുക്ക് വേണ്ടി പടപൊരുതും.

സഭയ്ക്ക് ശത്രുക്കൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ തനിച്ചു നിന്നാൽ നമ്മെ ആക്രമിച്ചു നശിപ്പിക്കാൻ എളുപ്പമാകുമെന്നു കരുതുന്നവർ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കഴിയുന്ന വിധത്തിലെല്ലാം അവസരങ്ങൾ പ്രയോജനപ്പെടുത്തി ഒന്നിച്ചായിരിക്കുവാൻ നമുക്ക് സാധിക്കണം. തത്പരകക്ഷികളുടെ പൊതുമിനിമം പരിപാടിയാണ് ഒന്നിച്ചു നില്ക്കുവാൻ സാധിക്കാത്ത വിധത്തിൽ ആശയപരമായും വ്യക്തിപരമായും നമ്മെ തകർക്കുകയും നശിപ്പിക്കുകയും ചെയ്യുക എന്നത് . അതു വിവേചിച്ചറിയാതെ തനിച്ച് നിന്ന് വിജയങ്ങൾ നേടിയ ശേഷം തകർച്ചകളുടെ സമയത്ത് നമുക്ക് വേണ്ടി സംസാരിക്കാനും നമ്മെ കൂടെ നിർത്താനും ആരും ഉണ്ടാവുകയില്ല എന്ന സത്യം ഉൾക്കൊള്ളുവാൻ ഇനിയെങ്കിലും കഴിയണം. രണ്ട് കാര്യങ്ങൾ യേശുവിന്റെ പ്രാർത്ഥനയോട് ചേർത്തുവയ്ക്കുവാൻ പരിശ്രമിക്കണം. വചനത്താൽ ഒന്നായിരിക്കുക. അതിനുവേണ്ടിയാണ് നമ്മൾ എക്യുമെനിക്കൽ ഡയലോഗുകൾ നടത്തുന്നത്. ഈ ഡയലോഗുകൾ അടിസ്ഥാനമുറപ്പിക്കേണ്ടത് സഭയുടെ നേട്ടങ്ങളും, സ്വത്ത് വിവരങ്ങളും, ഭൗതിക വളർച്ചകളും പങ്ക് വെയ്ക്കപ്പെടുന്നതിനും ശക്തി തെളിയിക്കുന്നതിനും വേണ്ടിയല്ല. യേശു പറയുന്ന രണ്ടാമത്തെ കാര്യം പരസ്പരം സ്നേഹിക്കണം എന്നാണ്. സ്നേഹത്തിൽ പൂർണ്ണതയിലേക്കുള്ള വളർച്ചയായിരിക്കണം ഈ ഒന്നിച്ച് വരവ്. ഇത് എങ്ങനെയായിരിക്കണമെന്നു കൂടി യേശു പറയുന്നു. പിതാവേ നമ്മെ പോലെ അവരും ഒന്നായിരിക്കണം. അതിന് നാം യേശുവിൽ ആയിരിക്കണം. പലപ്പോഴും നാം നമ്മിൽ തന്നെ ഒതുങ്ങിക്കൂടുകയാണ്. യേശുവിൽ ജീവിക്കുവാൻ നമുക്ക് സാധിക്കുന്നില്ല എന്നതാണ് വാസ്തവം.

പാലാരിവട്ടത്ത് സ്ഥിതി ചെയ്യുന്ന പി.ഒ.സി. തന്നെയാണ് സഭൈക്യവാര പ്രാർത്ഥനയുടെ പുതിയ തലങ്ങൾക്കും മാനങ്ങൾക്കും രൂപം നല്കുവാൻ ഏറ്റവും യോജിച്ച സ്ഥലം എന്ന് എനിക്ക് തോന്നുന്നു.

കഴിഞ്ഞ 10 വർഷമായി തൃക്കാക്കരയിൽ ഞങ്ങളുടെ ജനറലേറ്റിൽ താമസിക്കുന്ന ഞാൻ, ഇവിടെയുള്ള എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സൊസൈറ്റിയുടെ ചെയർമാൻ ആയിരുന്നു. ആ കാലയളവിൽ ഇവിടെയുള്ള വിവിധങ്ങളായ സഭാ സമൂഹങ്ങളെ പരിചയപ്പെടുവാൻ അവരുടെ പള്ളികളിൽ പോകുവാൻ, ശുശ്രൂഷകളിൽ പങ്കെടുക്കുവാന് സാധിച്ചിട്ടുണ്ട്. പി.ഒ.സി.ക്ക് ചുറ്റും സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ എന്നീ റീത്തുകളും, സി.എസ്.ഐ., ഓർത്തഡോക്സ്, യാക്കോബായ, മാർതോമ ഇങ്ങനെയുള്ള വിവിധ സഭകളും, സമൂഹങ്ങളും, പള്ളികളും ഇവിടെ സ്ഥിതി ചെയ്യുന്നുണ്ട്. വർഷത്തിൽ ഒരിക്കൽ പി.ഒ.സി. യിൽ നടത്തുന്ന സഭൈക്യ പ്രാർത്ഥനയെക്കാൾ ഫലപ്രദമാവുക ഓരോ മാസവും വിവിധ സഭാ സമൂഹങ്ങളുടെ പള്ളികളിലും കൂട്ടായ്മകളിലും ഒത്തു ചേർന്ന് പ്രാർത്ഥിക്കുകയും സംസാരിക്കുകയും ചെയ്യുവാൻ കഴിഞ്ഞാൽ അത് വലിയ നേട്ടമായി തീരും. അങ്ങനെയുള്ള അവസരങ്ങളും ഇടങ്ങളും സമയങ്ങളും സൃഷ്ടിക്കുക എന്നതിനായിരിക്കണം നമ്മുടെ ശ്രമം. അങ്ങനെ 12 മാസവും നടത്തുന്നതിന്റെ ഒരു വാർഷിക പ്രാർത്ഥനായജ്ഞം പി.ഒ.സി.യുടെ നേതൃത്വത്തിൽ വർഷത്തിലൊരിക്കൽ നടത്തിയാൽ അത് ഒരു വലിയ നേട്ടമായി ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെടുത്തപ്പെടും തീർച്ചയാണ്. ഇവിടെ ആരായിരിക്കണം നേതാവ്, ആരുടെ മഹത്വമായിരിക്കണം പ്രഘോഷിക്കപ്പെടുക തുടങ്ങിയ കാര്യങ്ങൾക്ക് പ്രസക്തിയില്ല. യേശു പ്രാർത്ഥിക്കുന്നതുപോലെ ലോകം ദൈവത്തെ അറിഞ്ഞിട്ടില്ലെന്നും, ലോകത്തിൽ ദൈവത്തെ അറിയിച്ചു കൊടുക്കേണ്ടതിന് ഒന്നിച്ച് നില്ക്കുന്നതിന്റെ ആവശ്യകതയും നമ്മെ ബോധ്യപ്പെടുത്തുവാൻ യേശുവിൽ നമ്മുടെ ശ്രമങ്ങൾ സമർപ്പിക്കാം. നമ്മെ പോലെ അവരും ഒന്നായിരിക്കണം (പരിശുദ്ധ ത്രിത്വത്തെപോലെ) എന്ന് പ്രാർത്ഥിച്ച യേശുവിനോട് എങ്ങനെയാണ് ഭിന്നിച്ച് നിന്ന് പ്രാർത്ഥിക്കാൻ നമുക്ക് കഴിയുക.

# കാലം കാതോർത്തിരിക്കുന്നു...

ഫാ. വർഗീസ് വള്ളിക്കാട്ട്
പി.ഒ.സി പാലാരിവട്ടം

ടിവിയിൽ മകരവിളക്ക് വാർത്തകൾ കാണാൻ ഇരിക്കുമ്പോൾ, ഒരു മണ്ഡലകാലം കേരളം മുഴുവൻ ശബരിമല കേന്ദ്രീകൃതമായി ചുറ്റിത്തിരിഞ്ഞതിനെ ഓർത്തു. എന്റേതിൽ നിന്ന് വ്യത്യസ്തമായ ഒരു മത ആചാരത്തെയും അതിനു പിന്നിലുള്ള സങ്കല്പങ്ങളെയും എങ്ങനെ ആദരപൂർവം നോക്കിക്കാണാം എന്ന ഒരു ചിന്തയാണ് ഈ മണ്ഡലകാലം മനസ്സിലുണർത്തിയത്. ശബരിമലയെ സംബന്ധിക്കുന്ന കോടതിവിധി വന്നപ്പോൾ മുതലുള്ള ഇത്തരത്തിലുള്ള നിരീക്ഷണങ്ങൾ സാമൂഹ്യമാധ്യമത്തിലൂടെയും മറ്റും പങ്കുവയ്ക്കാൻ ശ്രമിച്ചിരുന്നു.

ഞാൻ ആരാണ്? ഞാൻ ജീവിക്കുന്ന ഈ പ്രപഞ്ചം എന്താണ്? ദൈവം/ഈശ്വരൻ ആരാണ്? – ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് എല്ലാ മതങ്ങളും അന്വേഷിക്കുന്നത്. ഇതിൽ ഏറ്റവും പ്രസക്തവും, നിർണായകവുമായ ചോദ്യം മനുഷ്യൻ ആര് എന്നതുതന്നെയാണ്. മാനവികതയിൽ നിന്ന് അഥവാ മനുഷ്യനെപ്പറ്റിയുള്ള ദർശനത്തിൽനിന്നാണ് മറ്റെല്ലാ മൂല്യ വ്യവസ്ഥയും ഉരുത്തിരിയുന്നത്.

എന്താണ് മാനവികത? മനുഷ്യന്റെ മൂല്യം, അതായത് 'മനുഷ്യത്വം', അതുൾക്കൊള്ളുന്ന സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിലൂന്നിയ ചിന്താ പദ്ധതിയാണ് 'മാനവികത'. ആത്യന്തികമായി മനുഷ്യന്റെ മൂല്യം നിർണ്ണയിക്കുന്നത്, മറ്റൊരു മനുഷ്യനോ, മനുഷ്യ നിർമ്മിതമായ ഏതെങ്കിലും സ്ഥാപനമോ മറ്റേതെങ്കിലും സംവിധാനമോ അല്ല. പ്രത്യുത അവന്റെ/അവളുടെ മനുഷ്യാവസ്ഥയിൽ അത് ഉൾച്ചേർന്നിരിക്കുന്നു എന്ന അറിവാണ് സർവപ്രധാനം. ഈ അറിവ് മനുഷ്യന്റെ സർവാതിശായിത്വത്തെ അനുസ്മരിപ്പിക്കുന്നു. ഈശ്വര പ്രോക്തമായ അറിവ് അഥവാ, വെളിപാട് എന്ന് നാം അതിനെ വിളിക്കുന്നു.

മനുഷ്യൻ മാത്രമല്ല ഈ പ്രപഞ്ചം മുഴുവനും സർവാതിശായിത്വത്തിലേക്കു തുറന്നിരിക്കുന്നു എന്ന അറിവാണ്, എല്ലാറ്റിന്റെയും ആധാരവും മൂലകാരണവുമായ ഈശ്വരനെക്കുറിച്ചുള്ള അറിവിലേക്ക് മനുഷ്യനെ നയിക്കുന്നത്. താനും പ്രപഞ്ചവും ഈശ്വരനുമായുള്ള ബന്ധം തിരിച്ചറിയുന്ന മനുഷ്യനാണ് മതബോധത്തിലും, ഭക്തിയിലും പരസ്പര സ്നേഹത്തിലും ജീവിക്കാൻ യത്നിക്കുന്നത്. "കൊല്ലരുത്" എന്ന പരമമായ കല്പന ഈ ബോധത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. മറ്റെല്ലാ കല്പനകളും, നിയമങ്ങളും അതിൽനിന്നുവരുന്നു. ബൈബിളിന്റെ കാഴ്ചപ്പാടിൽ മാനവ സമത്വദർശനം അടിസ്ഥാനമിട്ടിരിക്കുന്നതു മനുഷ്യസ്വഭാവത്തിൽ (human nature)ത്തന്നെയാണ്. "ദൈവം തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു;

പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു'' (ഉല്പത്തി 1:27) എന്നാണു ബൈബിൾ പറയുന്നത്. മനുഷ്യന്റെ മഹത്വത്തിനും സ്വാതന്ത്ര്യത്തിനും അടിസ്ഥാനപരമായ സമത്വത്തിനും കാരണം ദൈവഛായയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന കാഴ്ചപ്പാടാണ് ബൈബിൾ പങ്കുവയ്ക്കുന്നത്. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്വഭാവ ത്താൽ തന്നെ ലക്ഷ്യമാണ്;മാർഗ്ഗമല്ല. ദൈവഛായയും സാദൃശ്യവുമുള്ള 'മനുഷ്യനാവുക'എന്നതാണ് ആ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള യാത്രയാണ് മാനവികത.

സ്ത്രീ-പുരുഷ തുല്യതയ്ക്കും വ്യതിരിക്ത തക്കും, പാരസ്പര്യത്തിനും ഹേതുവായിരിക്കു ന്നതും 'പുരുഷനും സ്ത്രീയുമായി' അവരെ സൃഷ്ടിച്ചു എന്ന സൃഷ്ടി സങ്കല്പമാണ്. യഹൂദ, ക്രൈസ്തവ, ദർശനങ്ങളുടെ വളർച്ചയിലും നിയമവ്യവസ്ഥകളിലും ഈ മനുഷ്യ ദർശനം അന്തർലീനമായികിടപ്പുണ്ട്. പാശ്ചാത്യ ലോകത്തുണ്ടായ വിപ്ലവകരമായ എല്ലാ സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾക്കു പിന്നിലും മനുഷ്യന്റെ ഉപബോധത്തിൽ പ്രവർത്തിക്കുന്ന ഈ മനുഷ്യദർശനമുണ്ട്. ഈ മനുഷ്യദർശനത്തിന്റെ വെളിച്ചം ലഭിച്ചവരാണ് ഭാരതത്തിൽ മത-സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കിയത്.

വർണാധിഷ്ഠിതമായ മനുഷ്യ ദർശനം ഏറ്റുവാങ്ങിയ ഒരു മതബോധമാണ് വേദങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. വർണാധിഷ്ഠിതമായ ധർമമമാണ് ഭാരതീയ പാരമ്പര്യങ്ങളിൽ "സനാതന ധർമം.'' വർണത്തെയോ (ജാതിയേയോ) വർണാധിഷ്ഠിതമായ ധർമത്തേയോ (കർമം/ ജാത്യാചാരം) കൈവിടരുത് എന്ന ദർശനമാണ് വൈദിക മതങ്ങൾ ഉദ്ഘോഷിക്കുന്നത്. മനുഷ്യൻ എന്ന ഏക സത്തയെ ജാതീയമായി വേർതിരിച്ചു കൊണ്ടുള്ള ഒരു ദർശനമായും, നേരേമറിച്ച് മനുഷ്യവംശം എന്ന വൈവിധ്യപൂർണ്ണമായ യാഥാർഥ്യത്തെ മനുഷ്യൻ/ദൈവം എന്ന ഏക(അദ്വൈത)സത്തയിൽ ഒന്നിപ്പി ക്കുന്ന ദർശനമായും അതിനെ വ്യാഖ്യാനിക്കാം.

ഭക്തനും ദൈവവും രണ്ടല്ല എന്ന വേറിട്ട "തത്വമസി" ദർശനത്തിന്റെ മഹത്വം ഇവിടെയാണ് നമുക്ക് കാണാൻ കഴിയുക. ഛാന്ദോഗ്യോപനിഷ ത്തിലെ ഈ മഹാവാക്യവും, ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് മനുഷ്യൻ എന്ന യഹൂദ ക്രൈസ്തവ ദർശനങ്ങളും തമ്മിൽ ഏറെ അടുപ്പമുള്ളതായി കാണാം. ആദിശങ്കരൻ തന്റെ അടിസ്ഥാന പ്രമാണ മായി സ്വീകരിച്ചു വികസിപ്പിച്ച അദ്വൈത ദർശനം ഭാരതീയ ദർശനങ്ങളിൽ ഏറ്റവും ലോകശ്രദ്ധ ആകർഷിക്കാൻ കാരണവും അത് മുന്നോട്ടു വയ്ക്കുന്ന മാനവ ദർശനം തന്നെ. തത്വത്തിൽ, മാനവ മഹത്വവും, സമത്വവും, സാഹോദര്യവും അത്ഉദ്ഘോഷിക്കുന്നു. എന്നാൽ, ദർശനത്തിലെ ഈ ഏകത പ്രയോഗത്തിൽ വരുത്തുന്ന തിന് ആദിശങ്കരനും കഴിഞ്ഞില്ല എന്നത് പുരാതന ജാത്യാചാരങ്ങളുടെ ശക്തി തെളിയിക്കുന്ന താണ്. ഭാരതത്തിൽ നടന്നിട്ടുള്ള എല്ലാ നവോത്ഥാന പരിശ്രമങ്ങളും ജാത്യാചാരങ്ങളുടെ കെട്ടുപാടിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കാനുള്ള മാനവീക യത്നങ്ങളായിരുന്നു.

കേരളത്തിൽ ഇന്ന് അദ്വൈതം ഒരു ദർശന പദ്ധതി മാത്രമല്ല. അതിനെ പ്രായോഗിക ധർമ ശാസ്ത്രവും ജീവിതരീതിയുമാക്കി മാറ്റിയത് മഹാനായ ശ്രീനാരായണ ഗുരുവാണ്. രമണ മഹർഷിയെ പ്പോലുള്ള മഹാ ഗുരുക്കന്മാർ തൊട്ടയൽസംസ്ഥാ നത്തും, സ്വാമി വിവേകാനന്ദനെ പ്പോലുള്ള ജ്ഞാനികളായ കർമയോഗികൾ വേറെയുമുണ്ടായിരു ന്നെങ്കിലും, ജാത്യാചാരങ്ങളിൽ കുരുങ്ങിക്കിടന്ന മലയാളിയെ മനുഷ്യമഹത്വവും, മനുഷ്യന്റെ തുല്യ അന്തസ്സും, സമത്വവും, സ്വാതന്ത്ര്യവും, സാഹോദര്യവും പഠിപ്പിച്ചത് നാരായണ ഗുരുതന്നെയാണ്. ശ്രീനാരാ യണ ധർമം വർണധർമത്തിൽ നിന്ന് വ്യത്യസ്ത മായിരുന്നു എന്നതാണ് അതിന്റെ സാർവ്വജനീനതക്കു കാരണം. (എല്ലാ മനുഷ്യരും തുല്യരാണെന്ന മാനവ സമത്വ ദർശനം 1599ൽ കേരളക്കരയിൽ അവതരിപ്പിച്ച ഉദയംപേരൂർ സൂന്നഹദോസിന്റെ സാമൂഹ്യ പ്രസക്തി ഇവിടെ വിസ്മരിക്കുന്നില്ല).

ശബരിമലയിലെ ദർശന വാക്യവും "തത്വമസി" തന്നെ. എന്നാൽ ശ്രീഅയ്യപ്പനാകട്ടെ ബ്രഹ്മചാരിയും, വിരക്തനും, സന്ന്യാസിയും വർണാശ്രമങ്ങൾ നിർദേശിക്കുന്ന ആചാരങ്ങൾ ക്കനുസരിച്ചുള്ള പ്രതിഷ്ഠാ സങ്കല്പവുമാണ്. ഈ ആചാരാനുഷ്ഠാനങ്ങളിൽ ചിലതും അതിനു പിന്നിലുള്ള 'പ്രകൃതിസിദ്ധ ജാതിസത്താ സിദ്ധാന്തവു മാണ്' കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്. പുനഃ പരിശോധനാ ഹർജികൾ കോടതി പരിശോധിക്കു മ്പോൾ, ഭരണഘടനയുടെ മൂല്യങ്ങൾക്കൊത്തു, പൗരന്റെ മൗലിക അവകാശങ്ങൾ പരസ്പരം റദ്ദാക്കാത്ത വിധത്തിൽ, എന്ത് മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നത്? രാജ്യം ഉറ്റു നോക്കുകയാണ്.

ശ്രീനാരായണ ഗുരു മുന്നോട്ടുവച്ച മാനവികത യിലൂന്നിയ മതദർശനവും, ധർമവ്യവസ്ഥയും അതിന്റെ പ്രായോഗിക രൂപങ്ങളും കാണാൻ കഴിയുന്ന മാതൃകാസ്ഥാനമായി ശബരിമല നിലനില്ക്കുമോ അതോ ആദിശങ്കരൻ ഉദ്ഘോഷിച്ച "തത്വമസി"യും "വർണാശ്രമ ധർമവുമായി" ജാത്യാചാരങ്ങളുടെയും 'ഹിന്ദുത്വ" അജണ്ടയുടെയും കാവലാളായി ശ്രീഅയ്യ പ്പൻ വാഴുമോ എന്നത് ഈ കാലഘട്ടത്തെ നീറ്റുന്ന ചോദ്യമാണ്. പുതിയഭാഷ്യങ്ങളും പ്രതിസന്ധികളെ അതിജീവക്കുന്ന ശ്രമങ്ങളുമുണ്ടാകട്ടെ! നമ്മുടെ കാല ഘട്ടത്തിൽ സമൂഹത്തെ നയിക്കാൻ കഴിയുന്ന മഹാജ്ഞാനികളും ജ്ഞാനപദ്ധതികളും ആവിർഭവി ക്കട്ടെ.. കാലം അവരുടെ കാലടികൾക്കു കാതോർത്തി രിക്കുന്നു...

**(ഫെയ്സ്ബുക്ക് പോസ്റ്റ്)**



# വി. ജെ. ജെയിംസിന്റെ എഴുത്തനുഭവത്തിലൂടെ

**സി. ഗ്ലാഡിസ് ഒ.എസ്.എസ്**
**പി.ഒ.സി. പാലാരിവട്ടം**

**[പി.ഒ.സിയിലെ പ്രതിമാസ സാഹിത്യ-സാംസ്കാരിക സായാഹ്നമായ 'വാങ്മയം' സംഗമത്തിൽ പ്രശസ്ത നോവലിസ്റ്റ് വി.ജെ. ജെയിംസ് പങ്കുവച്ചതും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ച് മറ്റു സാഹിത്യകാരന്മാർ നിരൂപണം നടത്തിയതിന്റെയും പശ്ചാത്തലത്തിൽ തയ്യാറാക്കിയത്]**

**പ**ച്ചമനുഷ്യരുടെ പച്ചയായ ജീവിതം കഥകൾക്കിടയിൽ മൂല്യവത്തായ ദർശനങ്ങളിലൂടെ കോർത്തുവച്ചുകൊണ്ട് മനോഹരമായ കൃതികൾ മലയാള സാഹിത്യത്തിനു നല്കിയ എഴുത്തുകാരനാണ് ചങ്ങനാശ്ശേരിക്കാരനായ വി.ജെ. ജെയിംസ്. അന്വേഷണങ്ങളിലൂടെയുള്ള കാലാനുഗതമായ തുടർച്ചയാണ് അദ്ദേഹത്തിന്റെ എഴുത്തുകൾ. ഒരു എഴുത്തുകാരന്റെ എഴുത്തനുഭവം വായിക്കുമ്പോൾ എഴുത്തുകാരനെ കൂടുതൽ ആഴമായി അറിയാൻ വായനക്കാരനു കഴിയുന്നു. ഓരോ മനുഷ്യനിലും സദാ നിലകൊള്ളുന്ന നന്മയിലുള്ള വിശ്വാസമാണ് എഴുത്തിനു പ്രചോദനമാകുന്നത്. വി.ജെ. ജെയിംസിന്റെ അഭിപ്രായത്തിൽ കാല്പനികതയ്ക്കും യാഥാർത്ഥ്യത്തിനുമിടയിലുള്ള നേർത്ത നൂൽപ്പാലത്തിലൂടെയുള്ള സഞ്ചാരമാണ് ഓരോ കലയുടെയും മനോഹാരിത. പ്രകൃതിയുമായി വീണ്ടും വിലയം പ്രാപിച്ച് ഓരോ എഴുത്തുകാരനും ഒരു തപസ്സുപോലെ ജീവിതം ഉഴിഞ്ഞുവയ്ക്കുന്നു. ആദ്യ നോവലായ 'പുറപ്പാടിന്റെ പുസ്തകം' പന്ത്രണ്ടുവർഷം കൊണ്ട് വി. ജെ. ജയിംസ് അധ്വാനിച്ച് പൂർത്തിയാക്കിയ പുസ്തകമാണ്. കോതമംഗലം മാർ അത്തനേഷ്യസ് കോളേജിൽ പഠിക്കുന്ന കാലത്ത് ഒരു സുഹൃത്തിന്റെ സഹോദരിയുടെ വിവാഹം കൂടാനായി കൊച്ചിയിലെ ഒരു ചെറിയ തുരുത്തിൽ എത്തി. അവിടെ താമസിച്ച് വ്യത്യസ്തമായ ഒരു ഭൂമിക അനുഭവിച്ചതാണ് "പുറപ്പാടിന്റെ പുസ്തക"ത്തിലേക്ക് വി.ജെ. ജയിംസിനെ നയിച്ചത്. നോവൽ രചനാകാലഘട്ടത്തിൽ പലപ്പോഴും ആ തുരുത്തിലെത്തുകയും അതിന്റെ ഭൂമിശാസ്ത്രപരമായ ഭാഷാവഴക്കങ്ങളും മിത്തും സ്വായത്തമാക്കി നോവലിനു പശ്ചാത്തലം രൂപപ്പെടുത്തി. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിച്ച് എഴുതിയ നോവൽ.

സോഷ്യൽ മീഡിയായിലൂടെ വന്ന പുസ്തകാഭിപ്രായങ്ങളും മൗത്ത് പബ്ലിസിറ്റിയുമാണ് അദ്ദേഹത്തിന്റെ കൃതികളെ ഏറെ പ്രശസ്തമാക്കിയത്. 2005-ൽ പുറത്തിറക്കിയ 'ദത്താപഹാരം' ഫെയ്സ്ബുക്കിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ട നോവലാണ്. പ്രാകൃതം എന്നാൽ ഒരു വ്യക്തിയുടെ സ്വത്വം അഥവാ തനിമയാണ്. ആ തനിമയിൽ കൃത്രിമത്വം കലർന്നാൽ താളം തെറ്റും. പ്രകൃതിയിലൂടെ അതു പ്രതിഫലിക്കും. ഓരോ മനുഷ്യന്റെയും ഉള്ളിന്റെ ഉള്ളിൽ സ്വന്തം തനിമയിലേക്ക്, പ്രകൃതിയിലേക്ക് മടങ്ങാനുള്ള പ്രേരണയുണ്ട്. തനിമയുള്ള പൂർണ്ണലയമാണ് "ദത്താപഹാരം". മനുഷ്യനെ പ്രകൃതിയിലേക്ക് മടക്കാൻ, പ്രകൃതിയെ ഒന്നായികാണാൻ പ്രേരിപ്പിക്കുന്ന നോവലാണ് "ദത്താപഹാരം."

അഭിലാഷങ്ങളുടെ ആഖ്യാനത്തിലൂടെ സമൂഹം, അധികാരം, സമ്പത്ത്, ശാസ്ത്രം, ജ്ഞാനം, വിദ്യ എന്നിവയെപ്പറ്റിയെല്ലാം ചില മറു ചോദ്യങ്ങൾ അനുവാചകനോടു ചോദിക്കുന്ന നോവലാണ് "ചോരശാസ്ത്രം.' പുരാവൃത്തവും ചരിത്രവും ശാസ്ത്രവും പഠിച്ച പ്രൊഫസർ ഒരു സാധാരണ കള്ളനെ മോഷണത്തിന്റെ സാങ്കേതിക വിദ്യകൾ പഠിപ്പിച്ച് മഹാ തസ്ക്കരനാക്കി മാറ്റുകയും ഒടുവിൽ ചോരശാസ്ത്രത്തിന്റെ നിഗൂഢപ്രമാണങ്ങൾ ലംഘിച്ച് കള്ളൻ കാലിടറിവീണ് അബദ്ധത്തിൽ താൻ കൊളുത്തിവിട്ട അഗ്നിപ്രളയത്തിൽ വിലയം പ്രാപിക്കുന്നതുമാണ് ഇതിവൃത്തം.

നോവലിൽ കള്ളൻ പലതരം കെണിയിൽ അകപ്പെടുന്നു. സോഫിയാ മരിയയുടെ വീട് കള്ളന് കെണിയായിരുന്നു - രതിയുടെയും പ്രേമത്തിന്റെയും കെണി. പ്രൊഫസറുടെ വീട് വാഗ്ദാനവും പ്രേരണകളും ഉൾച്ചേർന്ന ചോരശാസ്ത്രത്തിന്റെ കെണിയായിരുന്നു. നോട്ടംകൊണ്ടു പൂട്ടുതുറക്കുന്ന, എല്ലാ നിധിയറകളും കാണാൻ കഴിയുന്ന കള്ളൻ ഒടുവിൽ, നേട്ടങ്ങൾ കൈക്കലാക്കി ധനവാനായിത്തീരുന്നു. ദൈവാലയം, ദേവസ്ഥാനങ്ങൾ, കുഞ്ഞുങ്ങൾ, അവരുടെ വസ്തുക്കൾ, നാല്ക്കാലികൾ, പാവപ്പെട്ടവർ എന്നിവരിൽ നിന്ന് മോഷണം അരുതെന്ന ചോരശാസ്ത്രനിയമം ലംഘിച്ച്, പട്ടർ നിധിയായി കാത്തു സൂക്ഷിച്ച സ്നേഹവും അതിന്റെ ഓർമയും (മരിച്ചുപോയ ഭാര്യയുടെയും മകന്റെയും ഫോട്ടോ) മോഷ്ടിച്ചപ്പോൾ അയാളിൽ കുറ്റബോധം ആളിക്കത്തു




കയും ജീവിതപരാജയം ഏറ്റുവാങ്ങുകയും ചെയ്തു. നോവലിൽ ശാസ്ത്രങ്ങളുടെ അന്തിമ നിരർത്ഥകതകളിൽപ്പെട്ടുപോകാതെ ശാന്തമായി ഉറങ്ങുവാൻ കൊതിക്കുന്ന (‘എനിക്കിനി ശിശുവായാൽ മതി, കള്ളാ’) പ്രൊഫസർക്ക് യഥാർത്ഥജ്ഞാനം കൈവരുന്നതായി കണ്ടെത്താൻ കഴിയും. ദൈവരാജ്യം ശിശുമനസ്സിന് മാത്രം പ്രാപ്തമാണെന്നും, ശാസ്ത്രത്തിനും യുക്തിക്കും വ്യക്തികൾക്കും സകല ദാർശനികതകൾക്കും അപ്പുറമാണെന്നും വ്യക്തമാക്കി ലോകത്തിന്റെ ഏക പ്രശ്നം ശിശു മനസ്സിന്റെ അഭാവമാണെന്നും സ്വാർത്ഥ ചിന്തകൾ വെടിഞ്ഞ് ശിശുസഹജമായ ഭാവം കൈവരിക്കാൻ അനുവാചകരെ പ്രേരിപ്പിക്കുന്ന രചനയാണ് ഈ നോവൽ. നോവലിൽ നിധി ജ്ഞാനമുണ്ടായിട്ടും മായാബദ്ധനായ കള്ളൻ സഹായിയായ പയ്യൻ എല്ലാം മോഷ്ടിച്ചുകൊണ്ടുപോയി എന്നതിൽ ഹതാശനാകുന്നു. ഒടുവിൽ ഗുരു അവനെ ഉപദേശിക്കുന്നു: ‘നിന്റെ അറയെക്കുറിച്ചു മാത്രം നീ ചിന്തിക്കുന്നു. ലോകത്ത് എവിടെയൊക്ക നിധി ഉണ്ടോ അതൊക്കെ നിന്റേതെന്ന് നീ അറിയാത്തതാണ് നിന്റെ പ്രശ്നം.’ അറിവുകൊണ്ട് നേടിയ നേട്ടങ്ങൾ എല്ലാം സ്വന്തം സ്വാർത്ഥതയ്ക്കുവേണ്ടി ഉപയോഗിച്ചപ്പോൾ അയാൾക്ക് എല്ലാം നഷ്ടമായി. മനസ്സ് ക്ഷുബ്ധമാകുമ്പോൾ ജ്ഞാനത്തിന്മേൽ മറ വീഴുന്നത് അറിയാതെപോകുന്നു ആധുനിക മനുഷ്യൻ. ജന്മം കൊണ്ട് ഓരോ മനുഷ്യനും കള്ളനാണ്, പ്രപഞ്ചത്തിൽനിന്ന് മോഷ്ടിക്കുന്ന മോഷ്ടാവ്. എല്ലാവരുമായി പങ്കുവയ്ക്കേണ്ട പ്രകൃതി സമ്പത്താകുന്ന നിധിയും ജ്ഞാനംകൊണ്ട് നേടിയ വിദ്യയും സ്വാർത്ഥതാല്പര്യത്തിനുവേണ്ടി ദുരുപയോഗിക്കപ്പെടുമ്പോൾ അവിടെ അധഃപതനം സംഭവിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നു ഈ നോവൽ.

ഒരെഴുത്തുകാരന്റെ ദാർശനികമായ സഞ്ചാരങ്ങളെ അടുത്തറിയണമെങ്കിൽ കാലാനുഗതമായി അദ്ദേഹത്തിന്റെ കൃതി വായിക്കണം. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നും ചോരശാസ്ത്രത്തിലൂടെ ദത്താപഹാരം വഴി നിരീശ്വരനിലേയ്ക്കു ഒരു സഞ്ചാരം നടത്തുമ്പോൾ എല്ലാത്തരം വൈരുദ്ധ്യങ്ങളും കൂടിച്ചേർന്നതാണ് അദ്ദേഹത്തിന്റെ സൃഷ്ടികൾ എന്നു കണ്ടെത്താനാവും. 2017 -ലെ കേരളസാഹിത്യ അക്കാദമി അവാർഡ് 2019ൽ പ്രഖ്യാപിച്ചപ്പോൾ നല്ല നോവലിനുള്ള അവാർഡ് കരസ്ഥമാക്കിയ കൃതിയാണ് ‘നിരീശ്വരൻ’. രണ്ടു പ്രത്യക്ഷ വൈരുദ്ധ്യങ്ങൾ കൂട്ടിമുട്ടിക്കുന്ന ഒരു ഭൂമദ്ധ്യമുണ്ടെങ്കിൽ അതിനെ കണ്ടെത്താനുള്ള ശ്രമമാണ് നിരീശ്വരൻ എന്ന കൃതിയിൽ. വൈജാത്യങ്ങൾക്ക് അടിസ്ഥാനമായിരിക്കുന്ന ഏകത്വത്തെ ഭൗതികതലത്തിൽ ചിത്രീകരിക്കാനുള്ള ശ്രമമാണ് നിരീശ്വരൻ. ഭക്തിയും വിശ്വാസവും കപടമായി മാറുന്ന ഇക്കാലഘട്ടത്തിൽ വായനക്കാരന്റെ മനസ്സിൽ തിരിച്ചറിവിന്റെ ഒരുപാടു ചോദ്യങ്ങളുയർത്തുന്ന നോവലാണിത്. ബഹിരാകാശവുമായി ബന്ധപ്പെട്ട് മലയാളത്തിലെഴുതിയ കൃതിയാണ് ‘ലെയ്ക്ക’ എന്ന ചെറുനോവൽ. വിശ്വാസത്തിന്റെയോ അവിശ്വാസത്തിന്റെയോ കാര്യം മാത്രമല്ല, ഏതു കാര്യവും അനുഭവതലത്തിൽ സ്വന്തമായി തീരുമ്പോൾ മാത്രമേ കൃതിക്ക് ജീവനുണ്ടാകൂ എന്ന തിരിച്ചറിവ് അദ്ദേഹത്തിന്റെ കൃതികളിൽ സസൂക്ഷമം നിരീക്ഷിച്ചാൽ കാണാൻ കഴിയും. നിരീശ്വരൻ, ചോരശാസ്ത്രം, ദത്താപഹാരം, ഒറ്റക്കാലൻ കാക്ക തുടങ്ങിയ കൃതികൾ എല്ലാം ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്. എഴുത്തുകാരന്റെ പ്രസക്തിയല്ല വായനക്കാരന്റെ ഉയിർത്തെഴുന്നേല്പ്പാണ് ഓരോ കൃതിയെയും മികവുറ്റതാക്കുന്നത്. അദ്ദേഹത്തിന്റെ ഓരോ നോവലും വ്യത്യസ്ത ക്യാൻവാസിലൂടെ നോക്കി കാണാൻ ഓരോ അനുവാചകനെയും പ്രേരിപ്പിക്കുന്നവയാണ്.

എവിടെ ഒരാൾ ഞാൻ എന്ന ഭാവം മറന്ന് എന്തിനോടെങ്കിലും ഇഴുകിച്ചേരുന്നുവോ അവിടെ അയാൾ പൂർണ്ണമായ ആനന്ദം അനുഭവിക്കുന്നു. ഓരോ കൃതിയും മികവുറ്റതാകുന്നത് എഴുത്തുകാരനും അനുവാചകനും ഈ അനുഭവമുണ്ടാകുമ്പോഴാണ്. ഇതുവരെ ആരും പറയാത്ത ഒരു പ്രമേയത്തെപ്പറ്റി പറയാൻ ആഗ്രഹിക്കുന്നവനാണ് എഴുത്തുകാരൻ. വി.ജെ. ജെയിംസിന്റെ കൃതിയും ഇപ്രകാരമുള്ളതാണ്. നിരന്തരമായ അന്വേഷണത്തിലൂടെ സർവ്വസന്തോഷങ്ങളും ത്യജിച്ച് പുതുമയുള്ള ആശയങ്ങളെ അക്ഷരശക്തിയുള്ള വിശ്വാസം കൊണ്ട് എഴുതിയ എഴുത്തുകാരൻ. വി.ജെ. ജെയിംസിന്റെ അഭിപ്രായത്തിൽ എഴുത്ത് ആഴത്തിൽ കുഴിച്ച് വെള്ളം കണ്ടെത്തുന്നതുപോലെയുള്ള ഒരു തരം കണ്ടെത്തലാണ്.

ഫ്രഞ്ച് എഴുത്തുകാരനായ റോണാൾഡ് ബർത്ത്സ്ന്റെ അഭിപ്രായത്തിൽ എഴുത്തുകാരൻ മരിക്കുമ്പോൾ വായനക്കാരൻ ജനിക്കുന്നു. ഒരു കൃതി വായനക്കാരൻ ഏറ്റെടുത്തു കഴിയുമ്പോൾ എഴുത്തുകാർക്കു പ്രസക്തിയില്ലാതാകുന്നു. വായനക്കാരൻ അതിനു ജീവൻ നല്കുന്നു. വി. ജെ. ജെയിംസ് എന്ന എഴുത്തുകാരന്റെ കൃതിയെ ഏറ്റെടുക്കുന്നത് വായനക്കാരാണ്. ഈ ഉത്തരാധുനിക കാലഘട്ടത്തിൽ വ്യത്യസ്തമായ രചനകളുടെ സ്രഷ്ടാവാണ് വി. ജെ. ജെയിംസ് എന്ന എഴുത്തുകാരൻ.

# The Kerala Church (properties and institutions) bill 2019
## (നിയമ പരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയ കരട് ബില്ലിന്റെ പ്രസക്ത ഭാഗങ്ങൾ)

നിലവിൽ ദേവാലയ സ്വത്തുക്കളുടെ പരിപാലനം സുതാര്യവും നീതി പൂർവ്വവുമല്ല എന്ന ധ്വനിയിൽ ദുരുപയോഗത്തിനെതിരേ പരാതി നല്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും ആമുഖത്തിൽ തന്നെ സൂചിപ്പിപ്പിച്ചുകൊണ്ട് പുറത്തുവന്നിരിക്കുന്ന ഈ കരട് നിയമം കേരളത്തിലെ എല്ലാ സഭാവിഭാഗങ്ങളിലും സ്വത്തുവകകൾ കൈകാര്യം ചെയ്യുന്നത് ശരിയായ രീതിയിലല്ല എന്ന് ഏകപക്ഷീയമായി അനുമാനിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.

**വകുപ്പ് 1.** ഈ നിയമത്തിന്റെ വ്യാപ്തി കേരള സംസ്ഥാനം മുഴുവനും ആയിരിക്കും. ഇത് നിയമം ആക്കുന്ന ദിവസം മുതൽ നടപ്പിൽ വരും.

**വകുപ്പ് 2**(b) Church* - ദേവാലയം - എല്ലാ സഭകളും വിഭാഗങ്ങളും ഇതിന്റെ പരിധിയിൽ വരും.

**വകുപ്പ് 2**(c) Christian* - ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ഏകജാതനായ ദൈവ പുത്രനായി വിശ്വസിക്കുന്നവരും അതുപ്രകാരം മാമ്മോദീസാ മുങ്ങിയവരും ഈ നിർവചനത്തിൽ ഉൾപ്പെടും.

**വകുപ്പ് 2**(d) Church Tribunal* - ഈ നിയമത്തിലെ വകുപ്പ് 8 പ്രകാരം സർക്കാർ രൂപീകരിക്കുന്ന ട്രൈബ്യൂണൽ.

**വകുപ്പ് 2**(f) Denomination* - വിഭാഗം - ആധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ ഏതെങ്കിലും സഭാധ്യക്ഷനോടും സിനഡിനോട്/കൗൺസിലിനോട് വിധേയപ്പെട്ടിരിക്കുന്നവരെ ഡിനോമിനേഷൻ എന്ന് പറയും. യഹോവ സാക്ഷികളും, സഭാധ്യക്ഷന്മാർ ഇല്ലാതെ ഏതെങ്കിലും പാസ്റ്റർ തുടങ്ങിയവരിൽ മേൽനോട്ട അധികാരം അർപ്പിച്ചിരിക്കുന്ന വിഭാഗങ്ങളും ഉൾപ്പെടും.

**വകുപ്പ് 2**(h) Parish*- പ്രാർത്ഥനാലയമോ പള്ളിയോ ഉള്ള ഇടവക എന്ന് വിളിക്കാവുന്ന ഡിനോമിനേഷന്റെ പ്രാദേശിക യൂണിറ്റ്.

**വകുപ്പ് 2** (j) Properties of the church - *പള്ളി വക വസ്തുക്കൾ* എന്നതിൽ പള്ളിവകയായ എല്ലാ സ്ഥാവര-ജംഗമവസ്തുക്കളും, ഡിനോമിനേഷൻ എന്ന നിർവചനത്തിൽ ഉൾപ്പെടുന്നവർ നല്കിയിട്ടുള്ള പണം ബാങ്ക് ഡെപ്പോസിറ്റ് മറ്റ് നിക്ഷേപങ്ങൾ എന്നിവയും, ഉന്നത ഘടകത്തിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടും.

**വകുപ്പ് 3.** വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം-വരിസംഖ്യയിലൂടെ സംഭാവനകളിലൂടെ, നേർച്ച കാഴ്ചകളിലൂടെ, തുടങ്ങിയ എല്ലാവിധത്തിലും ആരാധിക്കാൻ വരുന്നവരും അല്ലാത്തവരും നല്കിയിട്ടുള്ള എല്ലാ സംഭാവനകളും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള സംഭാവനകളും കൈകാര്യം ചെയ്യുന്നതിന് ഡിനോമിനേഷന് അവകാശമുണ്ടായിരിക്കും.

**വകുപ്പ് 4.** ചട്ടങ്ങൾ* - ഓരോ ഡിനോമിനേഷനും അവരവരുടെ അധികാരപരിധിയിൽ വരുന്ന അതത് ഇടവകകൾ ഭരിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കണം.

**വകുപ്പ് 5.** കണക്ക്* - എല്ലാ ഡിനോമിനേഷനുകളും കാലാകാലങ്ങളിൽ വസ്തുവഹകളുമായി ബന്ധപ്പെട്ടവരവ് ചിലവ് കണക്കുകൾ സൂക്ഷിക്കണം.

**വകുപ്പ് 6.** ഓഡിറ്റ് റിപ്പോർട്ട്* ഡിനോമിനേഷൻ തെരഞ്ഞെടുക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് വാർഷിക ഓഡിറ്റ് നടത്തണം. ഓഡിറ്റ് വാർഷിക പ്രതിനിധി യോഗത്തിൽ സമർപ്പിക്കണം.

**വകുപ്പ് 7.** ഇടവകയ്ക്ക് വസ്തു സൂക്ഷിക്കാനുള്ള അവകാശം* - ഓരോ ഇടവകയ്ക്കും സ്വന്തമായി വസ്തുവകകൾ വാങ്ങുന്നതിനും വാടക, ലൈസൻസ് തുടങ്ങിയ രീതികളിലൂടെ ഉപയോഗിക്കുന്നതിനും അവകാശമുണ്ട്. ഓരോ ഇടവകയും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് വിധേയമാക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് ഇടവക പൊതുയോഗം മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

**8.** ചർച്ച് ട്രൈബ്യൂണൽ* - ഏകാംഗ/ മൂന്നംഗ ചർച്ച് ട്രൈബ്യൂണൽ സർക്കാർ സ്ഥാപിക്കണം. ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയായിരുന്നയാളോ ആയിരിക്കണം ഏകാംഗ ട്രൈബ്യൂണലിലെ അംഗം. മൂന്നംഗ ട്രൈബ്യൂണൽ ആണെങ്കിൽ ശേഷിക്കുന്ന അംഗങ്ങൾ ജില്ലാ ജഡ്ജി ആകാൻ യോഗ്യതയുള്ള ആൾ സർക്കാർതലത്തിൽ സെക്രട്ടറി പദം വഹിച്ചിരുന്നവരാകണം.

**വകുപ്പ് 9.** ട്രൈബ്യൂണലിന്റെ അധികാരങ്ങൾ* - ഡിനോമിനേഷനിൽ ഉൾപ്പെടുന്ന ഏതൊരു അംഗത്തിനും ഇടവകയുടെ വസ്തുവകകളും പണവും കൈകാര്യം ചെയ്യുന്നതിനെ പറ്റിയുള്ള പരാതികൾ ട്രൈബ്യൂണലിൽ നല്കാം. ഇടവകയിൽ പരാതി ഉന്നയിച്ച് നടപടിയുണ്ടാകാത്ത വിഷയങ്ങളിലും ട്രൈബ്യൂണലിൽ പരാതി നല്കാം. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും.

* നിയമം ഉണ്ടാക്കാനുള്ള കാരണം*

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26(d) പ്രകാരം എല്ലാ മതവിഭാഗങ്ങൾക്കും നയമാനുസൃതം വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിന് അവകാശമുണ്ട്. നിലവിൽ ക്രൈസ്തവ ദേവാലയങ്ങളുടെ വിവിധ മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമമില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ വൻതോതിൽ വസ്തുവകകൾ

ആർജിച്ചിട്ടുണ്ട്. ഈ വസ്തുക്കളെല്ലാം കൈകാര്യം ചെയ്യുന്നത് ബിഷപ്പുമാരോ അതത് വിഭാഗങ്ങളുടെ ഇടവകകളുടെ അധികാരികളോ ആണ്. മതിയായ കൂടിയാലോചനകൾ ഇല്ലാതെ വസ്തുവകകൾ വകമാറ്റം ചെയ്തും പണയപ്പെടുത്തിയും ദേവാലയങ്ങൾക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ വിശ്വാസികളുടെ മനോവീര്യത്തെ തകർക്കുന്നു. നിലവിൽ ഇത്തരം വിഷയങ്ങളിൽ പരാതി നല്കാനുള്ള സംവിധാനം ഇല്ല. അതിനാൽ അത്തരത്തിൽ ഒരു നിയമം ഉണ്ടാകേണ്ടത് ഉചിതമാണെന്ന് സർക്കാർ കരുതുന്നതുകൊണ്ടാണ് ഈ കരട് നിയമം അവതരിപ്പിക്കുന്നത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. മാർച്ച് 6 നുള്ളിൽ നിർദ്ദേശങ്ങൾ lawreformskerala@gmail.com എന്ന വിലാസത്തിൽ സമർപ്പിക്കാം. www.lawreformscommission.kerala.gov.in എന്ന വെബസൈറ്റിൽ കരട് നിയമത്തിന്റെ ഇംഗ്ലീഷ് രൂപം ലഭ്യമാണ്.

**മലയാളത്തിൽ തർജമ തയാറാക്കിയത്**
**അഡ്വ. ഷെറി ജെ തോമസ്**

# കെസിബിസി , സിബിസിഐ പ്രസ്താവനകൾ, വാർത്തകൾ

## കൊലപാതകരാഷട്രീയത്തിന് അറുതി വേണം: കെസിബിസി ഐക്യജാഗ്രതാസമിതി

**കൊച്ചി:** കേരളത്തിൽ അരങ്ങേറുന്ന രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരേ അടിയന്തര നടപടിയുണ്ടാകണം. രാഷ്ട്രീയ കുടിപ്പകയും കൊലപാതകങ്ങളും നാടിന്റെ സമാധാനം കെടുത്തുന്നു. രാഷ്ട്രീയ പാർട്ടികൾ മത്സരബുദ്ധിയോടെ കൊലപാതക പരമ്പരകൾ ആസൂത്രണം ചെയ്യുന്നതിൽ സമാധാനകാംക്ഷികളായ സാധാരണ ജനങ്ങൾ അത്യധികം ഉത്കണ്ഠാകുലരാണ്. ഹർത്താലുകൾ പ്രഖ്യാപിക്കുമ്പോൾ പുലർത്തേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച നിർദേശങ്ങൾ രാഷ്ട്രീയപാർട്ടികൾ ഗൗരവമായിക്കാണുന്നില്ല എന്നതിന്റെ തെളിവാണ് രാഷ്ട്രീയ കൊലപാതകത്തെത്തുടർന്ന് യൂത്തുകോൺഗ്രസ് പ്രഖ്യാപിച്ചിരിക്കുന്ന ഹർത്താൽ. രാഷ്ട്രീയപ്പാർട്ടികൾ അധികാരത്തിനുവേണ്ടി നടത്തുന്ന ആക്രമണങ്ങളും കൊലപാതകങ്ങളും ഹർത്താലുകളും സമൂഹത്തെ പിന്നോട്ടടിക്കും. രാഷ്ട്രീയനേതാക്കളും ഭരണാധികാരികളും ഇത്തരം അപകടകരമായ പ്രവണതകൾ നിയന്ത്രിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണം. ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാനമാണ്. രാഷ്ട്രീയം സങ്കുചിത താത്പര്യങ്ങളിൽ നിന്നും അക്രമപ്രവണതകളിൽ നിന്നും പിന്മാറി ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും നന്മയും ഉന്നതിയും ലക്ഷ്യംവയ്ക്കുന്നതാകണമെന്നും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ പി.ഒ.സി.യിൽ കൂടിയ ഐക്യജാഗ്രതാകമ്മീഷന്റെ യോഗം ആവശ്യപ്പെട്ടു. **(18/2/2019)**

## വിധി സ്വാഗതാർഹം: ജാഗ്രതാ സമിതി

**കൊച്ചി:** കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യത്തിൽ ഉൾപ്പെട്ട ഫാ. റോബിൻ വടക്കുംചേരിക്ക് നിയമാനുസൃതം ലഭിച്ച ശിക്ഷ സ്വാഗതം ചെയ്യുന്നു. സമർപ്പിത ജീവിതം നയിക്കുന്നവരിലുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ദുഃഖകരവും ഗുരുതരവുമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നില്ല എന്നുറപ്പുവരുത്താൻ കത്തോലിക്കാസഭ കൂടുതൽ ജാഗ്രതയും കരുതലും പുലർത്തും. നിരപരാധികളെ കുറ്റവിമുക്തരാക്കിയ കോടതിയുടെ നടപടിയും പ്രത്യേകം ശ്രദ്ധാർഹമാണ്. കുട്ടികളുടെയും ദുർബലരുടെയും സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി സഭ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ കാര്യക്ഷമമാക്കാൻ എല്ലാ തലങ്ങളിലും ജാഗ്രതയുണ്ടാവണമെന്നും കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ പിഒസിയിൽ ചേർന്ന യോഗം അഭിപ്രായപ്പെട്ടു. **(16/2/2019)**

## ഭീകരാക്രമണത്തെ കെസിബിസി ഐക്യ ജാഗ്രതാ കമ്മീഷൻ അപലപിച്ചു

കൊച്ചി: കാശ്മീരിൽ സിആർപിഎഫ് വാഹനവ്യൂഹത്തിനു നേരെ ഭീകരർ നടത്തിയ ചാവേർ ആക്രമണത്തിൽ 44ഓളം ജവാൻമാർ വീരമൃത്യൂവരിക്കാൻ ഇടയായ സംഭവത്തിൽ കെസിബിസി ഐക്യജാഗ്രത കമ്മീഷൻ നടുക്കവും ദുഃഖവും രേഖപ്പെടുത്തി. സൈനികരുടെ വാഹനവ്യൂഹത്തിനുനേരെയുണ്ടായ ആക്രമണം മനുഷ്യത്വരഹിതവും അപലനീയവുമാണ്. ഇത്തരത്തിലുള്ള ഭീകരപ്രവർത്തനങ്ങൾക്കെതിരെ ലോകമനസ്സാക്ഷി ഉണരണം. ഭീകരരെ പ്രോത്സാഹിപ്പിക്കുന്ന മനുഷ്യത്വവിരുദ്ധമായ നയസമീപനങ്ങളിൽ നിന്ന് ലോകരാജ്യങ്ങൾ പിന്മാറണമെന്നും, ഫാ. വർഗ്ഗിസ് വള്ളിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ പി.ഒ.സി.

യിൽക്കൂടിയ യോഗം ആവശ്യപ്പെട്ടു. രാജ്യരക്ഷയ്ക്കു വേണ്ടി ജീവൻ ബലികഴിച്ച ധീരജവാൻമാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

## സിസ്റ്റർ കൺസീലിയ 225 ദിവസമായി ജയിലിൽ; നീതിനിഷേധമെന്നു സിബിസിഐ

**ന്യൂഡൽഹി:** തെറ്റായ ആരോപണങ്ങളുടെ പേരിൽ മദർ തെരേസയുടെ മിഷണറീസ് ഓഫ് ചാരിറ്റി സന്ന്യാസസഭയിലെ രോഗിയായ സിസ്റ്റർ കൺസീലിയ ബസ്ലയെ 225 ദിവസമായി ജാർഖണ്ഡിലെ ജയിലിൽ പാർപ്പിച്ചിരിക്കുന്നത് സാമാന്യനീതി നിഷേധവും ആശങ്കാജനകവുമാണെന്ന് സിബിസിഐ സെക്രട്ടറി ജനറൽ ബിഷപ് സെക്രട്ടറി ജനറൽ ബിഷപ് ഡോ. തിയഡോർ മസ്ക്രീനസ്.

സമൂഹത്തിലെ ഏറ്റവും അശരണരായവരെ സഹായിക്കുന്ന അബലയായ ഒരു സ്ത്രീക്കെതിരേ കുറ്റപത്രം നല്കാൻ പോലീസ് വൈകിക്കുന്നതിന്റെ പേരിൽ മാസങ്ങളോളം തടവറയിൽ അടച്ചത് സുപ്രീംകോടതിയുടെ തന്നെ നിർദേശങ്ങളുടെ ലംഘനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മനുഷ്യക്കടത്ത് ആരോപിച്ച് അറസ്റ്റ് ചെയ്യപ്പെട്ട സിസ്റ്ററിനെതിരെ ഇപ്പോൾ ക്രമവിരുദ്ധമായ ദത്തെടുക്കലാണ് ആരോപിച്ചിരിക്കുന്നത്. അറസ്റ്റിനു പിന്നിലെ രാഷ്ട്രീയ താത്പര്യം വെളിവാക്കുന്നതാണിത്. റാഞ്ചിയിലെ ബിർസമുണ്ട ജയിലിലെത്തി സിസ്റ്റർ കൺസീലിയയെ സന്ദർശിച്ചശേഷം പുറത്തിറക്കിയ പ്രസ്താവനയിലാണ് ബിഷപ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

പക്ഷേ ഈ സംഭവത്തിൽ നിരപരാധിയായ സിസ്റ്റർ കൺസീലിയ മാത്രം 225 ദിവസം കഴിഞ്ഞിട്ടും ജയിലിൽ തുടരുകയാണ്. കുറ്റപത്രം സമർപ്പിക്കാത്തതാണു ജയിൽവാസം നീളുന്നതിനു കാരണമാകുന്നത്. പോലീസ് ആരോപിക്കുന്ന കേസിലെ സാങ്കേതികത്വം പറഞ്ഞാണു വിവിധ കോടതികൾ സിസ്റ്ററിനു ജാമ്യം നിഷേധിച്ചതെന്നു ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ സെക്രട്ടറി ജനറൽ വിശദീകരിച്ചു. **(ദീപിക, 17/2/2019)**

## അക്രമം വെടിഞ്ഞ് സമാധാന സംഭാഷണത്തിന് ബന്ധപ്പെട്ട എല്ലാവരും തയ്യാറാകണം: കെസിബിസി

**കൊച്ചി:** ശബരിമലയിലെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങളും ശബരിമല കർമസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിഷേധ പ്രകടനങ്ങളും നാടിനെ യുദ്ധസമാനമാക്കിയിരിക്കുകയാണ്.

ഭരണഘടനയും കോടതിവിധികളും മാനിക്കപ്പെടുകയും സംസ്ഥാനത്തു നിയമവാഴ്ച ഉറപ്പാക്കുകയും വേണം. സുപ്രീം കോടതി വിധിയെത്തുടർന്ന് നൂറിലേറെ പുനഃപരിശോധനാ ഹർജികൾ കോടതിയുടെ മുമ്പിലെത്തുകയും, ചെയ്ത സാഹചര്യത്തിൽ, ബന്ധപ്പെട്ടവർ വിധി നടപ്പാക്കാൻ ധൃതി കാണിച്ചാൽ അത് വിശ്വാസികളിൽ ഒരു വലിയ വിഭാഗത്തെ ദുഃഖിതരും നിസ്സഹായരുമാക്കി മാറ്റും എന്നത് വാസ്തവമാണ്. ഈ നിസ്സഹായാവസ്ഥ നിരാശയും രോഷവുമായി പടരുന്ന സാഹചര്യം ഒഴിവാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം.

ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ട വിധിക്ക് ആധാരമായ വിഷയം വിശ്വാസവും ആചാരാനുഷ്ഠാനങ്ങളുമാകുമ്പോൾ, എല്ലാവരും കൂടുതൽ ജാഗ്രത പുലർത്തണം. വിശ്വാസം ജീവനെക്കാൾ പ്രധാനമെന്ന് കരുതുന്നവരുണ്ട്. ഇതിൽ പ്രത്യയശാസ്ത്ര നിലപാടുകളെക്കാൾ വിശ്വാസികളുടെ കാഴ്ചപ്പാടാണ് പ്രധാനം. ഭരണാധികാരികൾ അതിനെ മാനിക്കണം. ശബരിമലയിലേതു സംരക്ഷിക്കപ്പെടേണ്ട ആചാരമോ, മാറ്റപ്പെടേണ്ട ദുരാചാരമോ എന്ന് വിലയിരുത്താൻ വിശ്വാസികൾക്ക് അവസരം നല്കണം.

വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി വെറുപ്പിന്റെയും, അക്രമത്തിന്റെയും, കുടിപ്പകയുടെയും രാഷ്ട്രീയം കേരളമാകെ പടരുന്ന സാഹചര്യമുണ്ടാകുന്നത് അഭിലഷണീയമല്ല. കോടതിവിധിയുടെ പശ്ചാത്തലത്തിൽ ശബരിമലയിലെ അയ്യപ്പഭക്തരുടെ വിശ്വാസവും വ്യക്തികളുടെ സമത്വവും തമ്മിലുണ്ടായ നിയമപ്രതിസന്ധിയെ മറികടക്കാൻ, നിയമപരവും ഭരണഘടനാപരവുമായ മാർഗങ്ങളുണ്ടായിരിക്കെ, അതിനെ രാഷ്ട്രീയവത്ക്കരിച്ചു നേട്ടങ്ങളുണ്ടാക്കാൻ ആരു ശ്രമിച്ചാലും അത് നാടിന്റെ താത്പര്യങ്ങൾക്ക് ചേർന്നതല്ല. രാഷ്ട്രീയനേതാക്കൾ പൊതുനന്മ ലക്ഷ്യമാക്കി സമാധാനത്തിനുവേണ്ടി കൈകോർക്കണം. നവോത്ഥാനത്തെപ്പറ്റി ചിന്തിക്കുന്നവർ പൗരർക്കു സമാധാനപരമായി ജീവിക്കുവാനുള്ള അവകാശം അംഗീകരിക്കണം. നവോത്ഥാനമതിൽ നിർമ്മിക്കാൻ താല്പര്യമെടുത്തവർ സമാധാനത്തിന്റെ വാതിൽ തുറക്കാനും മുൻകൈയെടുക്കണം. സംവാദത്തിലൂടെയും സമവായത്തിലൂടെയുമാണ് ആധുനികലോകത്തു നവോത്ഥാനമുണ്ടാകേണ്ടത്, രക്തരൂക്ഷിതമാർഗ്ഗങ്ങളിലൂടെയല്ല. സമാധാനത്തിന്റെ രാഷ്ട്രീയമാണ് നമ്മുടെ നാടിനു വേണ്ടത്. അങ്ങനെയാണ് കേരളം ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായി തീരേണ്ടത്. അതിനാൽ രാഷ്ട്രീയ സമുദായ നേതാക്കൾ അടിയന്തിരമായി ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്ത്, ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാനും പരസ്പര വിശ്വാസത്തിന്റെ അന്തരീക്ഷം വീണ്ടെടുക്കുവാനും തയ്യാറാകണം. കേരളത്തിന്റെ അതിജീവനത്തിന് ഇത് അത്യന്താപേക്ഷിതമാണ്. **(3/1/2019)**

## നവോത്ഥാനമൂല്യങ്ങൾ പ്രഘോഷിക്കേണ്ടത് സമൂഹത്തെ ഭിന്നിപ്പിച്ചുകൊണ്ടാകരുത്: കെസിബിസി

**കൊച്ചി:** സർക്കാർ പിൻതുണയോടെ നടത്തുന്ന വനിതാമതിലുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ആരോഗ്യകരമല്ലാത്ത ചേരിതിരിവുകൾ സൃഷ്ടിക്കുന്നത് ഒട്ടും അഭികാമ്യമല്ല. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നവകേരള നിർമിതിയെപ്പറ്റി ഗൗരവമായ ആലോചനകളും കൂട്ടായ പരിശ്രമങ്ങളും ഉണ്ടാകേണ്ട സമയത്ത്, രാഷ്ട്രീയ ലക്ഷ്യംവച്ചുകൊണ്ടുള്ള വിഭാഗീയ നീക്കങ്ങൾ ഒഴിവാക്കേണ്ടതാണ്. കേരള നവോത്ഥാനത്തിന്റെ പിതൃത്വം ഏതെങ്കിലും സമുദായമോ സംഘടനകളോ

അവകാശപ്പെടുന്നത് ചരിത്രപരമായി ശരിയായിരിക്കുകയില്ല. നവോത്ഥാനത്തിലേക്കും ആധുനിക കേരളസമൂഹത്തിന്റെ ആവിർഭാവത്തിലേക്കും നയിച്ച സാംസ്കാരികവും സാമൂഹികവുമായ നിരവധി ഘടകങ്ങളുണ്ട്. അത്തരം ഘടകങ്ങൾ പ്രദാനം ചെയ്തതിൽ ഹിന്ദു-ക്രിസ്ത്യൻ-ഇസ്ലാം മതദർശനങ്ങളും മതപ്രചാരണ സംരംഭങ്ങളും സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അവർ നടത്തിയ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളോടും നവീന മൂല്യങ്ങളോടുമുള്ള പ്രതികരണവും അവയെ സ്വാംശീകരിക്കാനുള്ള പരിശ്രമവുമാണ് കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിനു കളമൊരുക്കിയത്. സ്വാതന്ത്ര്യത്തിനുവേണ്ടി ഉയർന്നുവന്ന ദേശീയ പ്രസ്ഥാനവും നവീന സോഷ്യലിസ്റ്റ് ആശയങ്ങളുടെ കടന്നുവരവും ഈ ചരിത്രഗതിയെ ത്വരിതപ്പെടുത്തി.

നവോത്ഥാനത്തിന്റെ പ്രണേതാക്കളും പ്രചാരകരുമായി ചിലരെ വാഴിക്കുകയും നവോത്ഥാനമൂല്യങ്ങളുടെ അവകാശികളായി ചിലരെ ചിത്രീകരിക്കുകയും ചെയ്യുന്നത്, രാഷ്ട്രീയമായി ചില്ലറ ഗുണം ചെയ്തേക്കാമെങ്കിലും സമൂഹത്തിനു പൊതുവേ, അത് തെറ്റായ സന്ദേശം നല്കും. നവോത്ഥാനം കഴിഞ്ഞുപോയ ഒരദ്ധ്യായമല്ല, അത് ചരിത്രത്തിന്റെ ചാലകശക്തിയായി വർത്തിക്കുന്ന സാമൂഹിക പ്രതിഭാസമാണ്. ആധുനിക കേരളസമൂഹം ഒന്നായി അതിന്റെ അവകാശികളും പങ്കാളികളുമാണ്. **(17/12/2018)**

## സ്പെഷ്യൽ സ്കൂൾ പാക്കേജ് സർക്കാർ ഉടൻ നടപ്പിലാക്കണം: കെസിബിസി

**കൊച്ചി:** സമൂഹത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിശീലനവും വേണ്ടിവരുന്ന മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ പരിശീലനത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കേരളത്തിൽ 288 അംഗീകൃത സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്നു മാത്രമാണ് സർക്കാർ നേരിട്ടു നടത്തുന്നത്. സ്പെഷ്യൽ സ്കൂൾ നടത്തിപ്പിൽ സാമ്പത്തികപ്രതിസന്ധി നേരിടുന്നതിനാൽ സന്നദ്ധ സംഘടനകൾ ഈ സംരംഭം മുൻപോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് ക്ഷേമനിധിയോ, പെൻഷനോ മറ്റ് സർക്കാർ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഒരു കുട്ടിക്ക് 6500 രൂപ മാത്രമാണ് സർക്കാർ ചെലവഴിക്കുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. അധ്യാപകർക്കാകട്ടെ 6500 രൂപയിൽ താഴെ മാത്രമാണ് മാസവരുമാനം. സ്പെഷ്യൽ സ്കൂളുകൾക്ക് സമഗ്ര പാക്കേജ് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും നാളിതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല. ഈ പശ്ചാത്തലത്തിൽ സ്പെഷ്യൽ സ്കൂൾ മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ സ്പെഷ്യൽ സ്കൂൾ പാക്കേജ് ഉടൻ നടപ്പിലാക്കുകയും അർഹതയുള്ള സ്ഥാപനങ്ങളുടെ പദവി എയ്ഡഡ് ആയി ഉയർത്തുകയും ചെയ്യണം. 2017 നവംബർ മാസത്തിൽ സ്പെഷ്യൽ സ്കൂളുക്കൾക്കായി സർക്കാർ പ്രഖ്യാപിച്ച 400 കോടിയുടെ സമഗ്ര പാക്കേജ് നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് സ്പെഷ്യൽ സ്കൂൾ ജീവനക്കാർ അനിശ്ചിതകാല സമരത്തിന് തയ്യാറെടുക്കുന്നു. **(11/12/2018)**

## അധ്യാപക സമൂഹം വേതനത്തിനായി സെക്രട്ടറിയേറ്റ് പടിക്കൽ യാചിക്കേണ്ട അവസ്ഥ: മാർ ക്ലീമിസ് കതോലിക്കാബാവ



**തിരുവനന്തപുരം:** വർഷങ്ങളായി ചെയ്ത ജോലിക്കുള്ള ശമ്പളത്തിനായി അധ്യാപക സമൂഹത്തിനു സെക്രട്ടേറിയറ്റ് പടിക്കലെത്തി യാചിക്കേണ്ടി വന്നത് പരിതാപകരമാണെന്നു മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാബാവ. കെഇആർ ഭേദഗതിക്കെതിരേ അധ്യാപകരുടെയും മാനേജർമാരുടേയും സെക്രട്ടേറിയറ്റ് മാർച്ചും ധർണയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തു പ്രളയമുണ്ടായപ്പോൾ അതിജീവനത്തിന്റെ ചരിത്രം സ്രഷ്ടിക്കാൻ മുന്നിൽ നിന്ന് വിദ്യാർഥികളെ കൈപിടിച്ച് നടത്തിയത് അധ്യാപക സമൂഹമാണ്. അധ്യാപകർക്കു ലഭിക്കേണ്ട ന്യായമായ ശമ്പളം വർഷങ്ങളായി ലഭിക്കാത്ത നാടാണു കേരളമെന്നത് ലജ്ജാവഹമാണ്. ജോലി ചെയ്തിട്ടും ശമ്പളം ലഭിക്കുന്നില്ല. വർഷങ്ങളായി ജോലി ചെയ്തിട്ടും നിയമാനുസൃത രേഖപോലും ലഭിക്കുന്നില്ല. എല്ലാവരുടേയും നിയമനത്തിന് ഏറ്റവും വേഗത്തിൽ അംഗീകാരം നല്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളണമെന്നും അധ്യാപകരുടെ ന്യായമായ ആവശ്യം മുഖ്യമന്ത്രി ഇടപെട്ട് സമയബന്ധിതമായി പരിഹരിക്കണമെന്നും കർദിനാൾ ആവശ്യപ്പെട്ടു.

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പെൻഷൻ ഉൾപ്പെടെ ഇടതു മുന്നണി തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങളുടെ ലംഘനങ്ങളാണ് ഇപ്പോൾ നടത്തുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെസിബിസി പ്രസിഡന്റും ലത്തീൻ തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്തയുമായ ഡോ. എം. സൂസൈപാക്യം പറഞ്ഞു. ഏറെ ബഹുമാനിക്കപ്പെടേണ്ട അധ്യാപക സമൂഹം ശമ്പളത്തിനായി റോഡിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു. ചെയ്ത ജോലിക്ക് ശമ്പളം നല്കാത്തത് വലിയ മനുഷ്യാവകാശ ലംഘനമാണ്. അവകാശങ്ങൾക്കായി പോരാടുന്ന അധ്യാപക സമൂഹത്തിനു പൂർണ പിന്തുണ നല്കുന്നു. കെഇആർ ഭേദഗതികളിലൂടെ

എയ്ഡഡ് സ്കൂളുകളോട് സർക്കാർ ദ്രോഹമാണ് ചെയ്യുന്നത്. എയ്ഡഡ് മേഖലയുമായി നിലനില്ക്കുന്ന പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നും ആർച്ചുബിഷപ് ആവശ്യപ്പെട്ടു.

അധ്യാപകരുടെ ശമ്പളം നല്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലനില്ക്കുന്ന പ്രശ്നം സർക്കാരിന് ഒട്ടും ഭൂഷണമല്ലെന്നു ചടങ്ങിൽ പ്രസംഗിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പ്രശ്നങ്ങൾ ഉണ്ടായാൽ അതു പരിഹരിക്കുക എന്നതാണ് ഒരു സർക്കാരിൽനിന്നു ജനങ്ങൾ പ്രതീക്ഷിക്കുന്നത്. യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയപ്പോൾ പൊതു വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ വ്യക്തമായി പഠിച്ചാണ് അധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഇടതു സർക്കാർ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കാനാണ് ശ്രമിക്കുന്നതെന്നും ഉമ്മൻ ചാണ്ടി കുറ്റപ്പെടുത്തി. മുഖ്യമന്ത്രി മുൻകൈ എടുത്ത് ഈ പ്രശ്നം അടിയന്തരമായി ചർച്ചചെയ്തു പരിഹരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, നോൺ അപ്രൂവ്ഡ് ടീച്ചേഴ്സ് യൂണിയൻ, കേരള എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ, കേരള സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളുടെ നേതൃത്വത്തിലായിരുന്നു മാർച്ചും ധർണയും നടത്തിയത്. **(22/1/2019)**

### സർക്കാരിന്റെ പെൻഷൻ നയത്തിനെതിരേ മുന്നൂറോളം അധ്യാപകർ ഹൈക്കോടതിയിൽ

ഹ്രസ്വകാല അവധി ഒഴിവുകളിലെ സേവനകാലം പെൻഷന് പരിഗണിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് മുന്നൂറോളം അധ്യാപകർ കേരള ഹൈക്കോടതിയിൽ ഹർജി നല്കി. 1968 മുതൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതിനെതിരെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിലാണ് 14 ജില്ലകളിൽ നിന്നുള്ള മുന്നൂറോളം പേർ കേരള ഹൈക്കോടതിയെ സമീപിച്ചത്. ഹർജി ഫയലിൽ സ്വീകരിച്ച കോടതി തുടർനടപടികൾക്കായി സർക്കാരിന് നോട്ടീസ് അയക്കാൻ ഉത്തരവായി.

ബ്രോക്കൺ സർവ്വീസ് പെൻഷന് പരിഗണിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് 2016 ഓഗസ്റ്റ് 05-നാണ് പുറപ്പെടുവിച്ചത്. തുടർന്ന് ഒരു വിഭാഗം അധ്യാപകർ ഹൈക്കോടതിയെ സമീപിക്കുകയും 2017 ഓഗസ്റ്റ് 14ന് അധ്യാപകർക്ക് അനുകൂലമായി കോടതി വിധി പ്രഖ്യാപിക്കുകയും ചെയ്തു. കോടതി വിധിയെ മറികടക്കാൻ 2018 മാർച്ച് 21-ന് സർക്കാർ പുതിയ ഉത്തരവിറക്കുകയും അതിന് അനുസൃതമായി കേരള സർവ്വീസ് ചട്ടങ്ങൾ (KSR) ഭേദഗതി ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് അധ്യാപകർ ഹൈക്കോടതിയിൽ ഹർജിയുമായി എത്തിയത്. കമ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി, മാസാമാസം ലഭിക്കുന്ന പെൻഷൻ എന്നിവയിൽ ഈ ഉത്തരവുമൂലം ഗണ്യമായ കുറവു സംഭവിക്കുന്നു. പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുമെന്ന് വാഗ്ദാനം നല്കിയവർ നിലവിലുള്ളവ പോലും നിഷേധിക്കുകയാണെന്ന് ടീച്ചേഴ്സ് ഗിൽഡ് കുറ്റപ്പെടുത്തി. അഡ്വക്കേറ്റുമാരായ കെ.ടി.ശ്യാം കുമാർ, വി.എ. മുഹമ്മദ് എന്നിവർ കക്ഷികൾക്കുവേണ്ടി ഹാജരായി. **(5/2/2019)**

### വാടക ഗർഭധാരണത്തിനെതിരേ കെസിബിസി പ്രൊ-ലൈഫ് സമിതി

**കൊച്ചി:** ഇന്ത്യയിൽ പണം നല്കി ഗർഭപാത്രം വാടകയ്ക്കെടുക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള നിയമം വരുന്നു. വാടകഗർഭധാരണം സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബില്ലിന്റെ കരടുരൂപം കഴിഞ്ഞ ദിവസം ലോകസഭ പാസാക്കിയിരുന്നു. വാടക ഗർഭധാരണത്തിന് ഇന്ത്യയിൽ നിയന്ത്രണമല്ല ആ നിയമം തന്നെ റദ്ദാക്കുക എന്നതാണ് പ്രധാനപ്പെട്ടതെന്ന് പാലാരിവട്ടം പി.ഒ.സി.യിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ പ്രൊ-ലൈഫ് സമിതി യോഗം വിലയിരുത്തി. കുട്ടികളെ ജനിപ്പിക്കാൻ ആവശ്യമുള്ള ദമ്പതിമാർ ഇരുവരുടെയുമോ ആരെങ്കിലും ഒരാളുടെ ഏതെങ്കിലുമോ ബീജവും അണ്ഡവും തമ്മിൽ യോജിപ്പിച്ച് മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് വളർത്തി പ്രസവിച്ച ശേഷം കൈമാറുന്ന രീതിയാണ് വാടക ഗർഭധാരണം അഥവാ സറഗസി. കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർക്ക് പ്രതീക്ഷയുടെ പുതിയൊരു പ്രകാശമാണ് വാടകഗർഭധാരണം എന്നവകാശപ്പെടുമ്പോഴും ആരാണ് യഥാർത്ഥ മാതാവ്-അണ്ഡം കൊടുത്തവളോ, ഗർഭപാത്രം വാടകയ്ക്ക് നല്കുന്നവളോ എന്നു തുടങ്ങുന്ന നിരവധി ചോദ്യങ്ങൾ ബാക്കി നില്ക്കുന്നു. തലമുറകളുടെ വംശബന്ധം തന്നെ ചോദ്യം ചെയ്യപ്പെടുകയാണിവിടെ. മനുഷ്യജീവനെ ലാബിൽ ഉത്പാദിപ്പിക്കുന്ന ഒരു പ്രൊഡക്റ്റോ കമ്പോളത്തിൽ വിറ്റഴിക്കപ്പെടുന്ന ഒരു വില്പന ചരക്കോ ആയി കാണാനാകില്ല. ഓരോ ജീവനും ദൈവത്തിന്റെ ദാനമാണ്. ദൈവമാണ് സ്രഷ്ടാവ്, ദമ്പതികൾ സഹസൃഷ്ടികളും Creator and Procreators). കേരളത്തിൽ കെസിബിസി പ്രൊ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ പ്രാദേശികതലത്തിൽ ഇതിനെതിരെ വിവിധ കർമ്മപരിപാടികൾ സംഘടിപ്പിക്കും. **(20/12/2018)**

### കേരള കത്തോലിക്കാ യുവജനവർഷത്തിന് പ്രൗഢ സമാപ്തി



# കെസിബിസി, സിബിസിഐ പ്രസ്താവനകൾ, വാർത്തകൾ

**കൊച്ചി:** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം 2018 ജനുവരി 6-ന് തുടക്കം കുറിച്ച ഒരു വർഷം നീണ്ടുനിന്ന യുവജനവർഷാചരണത്തിന് പ്രൗഢ സമാപ്തിയായി. കേരള കത്തോലിക്കാസഭയിൽ ശുശ്രൂഷ ചെയ്യുന്ന കെസിബിസിയുടെ ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം, സിഎൽസി, മിജാർക്ക്, ഐക്കഫ്, ജീസസ് യൂത്ത്, എൽസിവൈഎം, എസ്എംവൈഎം, എംസിവൈഎം, ഇതേന്തെ, യൂക്രിസ്റ്റിയ, സലേഷ്യൻ യൂത്ത്, എന്നീ വിവിധ സംഘടനകളുടെ പ്രതിനിധി സംഗമവും യുവജനവർഷ സമാപന സമ്മേളനവും കെസിബിസി ആസ്ഥാനകാര്യാലയമായ പി.ഒ.സി.യിൽവച്ച് നടത്തപ്പെട്ടു. കെസിബിസി യുവജനകമ്മീഷൻ ചെയർമാൻ ജോസഫ് മാർ തോമസ് അധ്യക്ഷതവഹിച്ച യോഗം, കെസിബിസി സെക്രട്ടറി ജനറലും കോട്ടയം അതിരൂപതാധ്യക്ഷനുമായ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ബാഹ്യആഘോഷങ്ങൾക്ക് പിന്നാലെ പോകുന്ന യുവത്വത്തെയല്ല ക്രൈസ്തവധർമത്തിന് ഊന്നൽ നല്കുന്ന യുവത്വത്തെയാണ് ഇന്ന് ആവശ്യമെന്ന് അദ്ദേഹം ഓർമപ്പെടുത്തി. യുവജനങ്ങൾ സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ളവരാകണം. കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഗ്രഹിക്കാനും നീതിയുടെ പക്ഷത്തു നില്ക്കാനും യുവജനങ്ങൾക്കു കഴിയണം. ഭാരതത്തിന്റെ ഭരണഘടന അനുവദിച്ചു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും രാജ്യത്തിന്റെ ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും യുവജനങ്ങൾക്ക് പ്രവാചകപരമായ പങ്കുവഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, യുവജനകമ്മീഷൻ സെക്രട്ടറി റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ, ജോയിന്റ് സെക്രട്ടറി റവ. ഫാ. പോൾ സണ്ണി, കെസിവൈഎം പ്രഥമ പ്രസിഡന്റ് അഡ്വ. ആന്റണി അമ്പാട്ട്, സ്റ്റേറ്റ് പ്രസിന്റ് ഇമ്മാനുവൽ മൈക്കിൾ, ജീസസ് യൂത്ത് കേരള കോർഡിനേറ്റർ ശ്രീ. അഭിലാഷ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്, ഷെവലിയർ ഡോ. എഡ്വേർഡ് എടേഴത്ത്, ശ്രീ. ജോർജ് പുളിക്കൻ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് നയിച്ചു. കെസിബിസി വൈസ് ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ അനുഗ്രഹപ്രഭാഷണത്തോടുകൂടി സമ്മേളനം സമാപിച്ചു. **(5/1/2019)**

**ന്യൂനപക്ഷ മതങ്ങളിൽപ്പെട്ട ദളിതരെയും പട്ടികജാതിയിൽ ഉൾപ്പെടുത്തണം: സിബിസിഐ**

**ന്യൂഡൽഹി:** ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട ദളിതരെയും പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നിയമം കൊണ്ടുവരണമെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ(സിബിസിഐ) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. പട്ടികജാതിയിൽനിന്ന് ക്രിസ്ത്യൻ, മുസ്ലിം മതവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും സംവരണം ലഭിക്കുന്നില്ല. മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്താൻ ധൃതിപിടിച്ച് തീരുമാനമെടുത്ത സർക്കാർ, ദളിത് ക്രൈസ്തവർക്കും ദളിത് മുസ്ലിങ്ങൾക്കു സംവരണം ഏർപ്പെടുത്താൻ തയ്യാറാകണമെന്ന് സിബിസിഐയുടെ പട്ടികജാതി, പിന്നാക്കവിഭാഗങ്ങൾക്കായുള്ള കമ്മീഷൻ ആവശ്യപ്പെട്ടു. **(14/1/2018)**

**ജനങ്ങളുടെ ആവശ്യങ്ങളിലേക്ക് സഭയുടെ അടിയന്തര ശ്രദ്ധ പതിയണം: സിസിബിഐ**

**ഇ**ന്ത്യയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളിലേക്ക് സഭയുടെ അടിയന്തര ശ്രദ്ധ പതിയണമെന്ന് ഇന്ത്യയിലേക്കും നേപ്പാളിലേക്കുമുള്ള അപ്പസ്തോലിക്ക് ന്യൂൺഷ്യോ ആർച്ചുബിഷപ് ജിയാംബാറ്റിസ്റ്റ ദിക്വാത്രോ. ചെന്നൈയിലെ മഹാബലിപുരത്തുള്ള ജോ അനിമേഷൻ സെന്ററിൽ നടന്ന സിസിബിഐയുടെ 31-ാമത് പ്ലീനറി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്.

മനുഷ്യകുലത്തിന്റെ ആവശ്യങ്ങളിൽ സഹായിക്കുന്നതിലൂടെയാണ് സഭയ്ക്ക് സുവിശേഷത്തിന്റെ സന്തോഷത്തിൽ ജീവിക്കാൻ സാധിക്കുന്നതെന്ന് ആർച്ചുബിഷപ് പറഞ്ഞു. സമ്മേളനത്തിൽ സംബന്ധിക്കുന്നവരുടെ ഐക്യവും കൂട്ടായ്മയും സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്നതിന്റെ സാക്ഷ്യമായി മാറണമെന്നും ആർച്ചുബിഷപ് പറഞ്ഞു. **(20/1/2019)**

**നവോത്ഥാനം സമഗ്രമാകണം: സ്വാമി ബോധേന്ദ്ര തീർഥ**

**കൊച്ചി:** കെസിബിസി ഡയലോഗ് കമ്മീഷനും കൊച്ചിയിലെ ലെയോള പീസ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി 'സമാധാനവും സുസ്ഥിര വികസനവും' എന്ന വിഷയത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സെമിനാർ നടത്തി. കൊല്ലം ആനന്ദമഠം ആശ്രമാധിപൻ സ്വാമി ബോധേന്ദ്ര തീർഥ ഉദ്ഘാടനം ചെയ്തു.

വളച്ചൊടിക്കപ്പെടുന്ന നവോത്ഥാന സങ്കല്പത്തെ സമകാലിക സാഹചര്യത്തിൽ പുനർനിർവചിക്കേണ്ടതുണ്ടെന്നും പരിസ്ഥിതിയും മതവും ആത്മീയതയും വിദ്യാഭ്യാസവും സംസ്കാരവും ഒന്നുചേരുന്ന സമഗ്രദർശനം സംരക്ഷിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പുനലൂർ ബിഷപ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ അധ്യക്ഷത വഹിച്ചു. ആചാര്യ സച്ചിദാനന്ദ ഭാരതി മുഖ്യപ്രഭാഷണം നടത്തി. സമാധാനത്തിനും വികസനത്തിനും മതാന്തര സംവാദവും സഹവർത്തിത്വവും അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു.



മുൻ ഇറ്റാലിയൻ അംബാസഡർ കെ.പി. ഫാബിയൻ, അൽ അമീൻ വിദ്യാഭ്യാസ ട്രസ്റ്റ് ചെയർമാൻ ടി.പി.എം. ഇബ്രാഹിം ഖാൻ, പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, കെസിബിസി ഡയലോഗ് കമ്മീഷൻ സെക്രട്ടറി ഫാ. പ്രസാദ് തെരുവത്ത്, ലയോള പീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ബിനോയ് പിച്ചളക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. **(3/2/2019)**

### അല്മായ പ്രസ്ഥാനങ്ങളെ ദേശീയതലത്തിൽ ഏകോപിപ്പിക്കും: സിബിസിഐ ലെയ്റ്റി കൗൺസിൽ

**കൊച്ചി:** ഭാരത കത്തോലിക്കാ സഭയിലെ അല്മായ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ ദേശീയ തലത്തിൽ ഏകീകരിച്ചു കൂടുതൽ ശക്തിപ്പെടുത്തുമെന്നു സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. സഭയുടെ അംഗീകാരത്തിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ ദേശീയ മുഖ്യധാരയിൽ ഏകോപിപ്പിച്ചുള്ള അല്മായ ശാക്തീകരണം ആവശ്യമാണ്. ക്രൈസ്തവരുടേതായി ഒട്ടേറെ സഭാവിരുദ്ധപ്രസ്ഥാനങ്ങൾ രാജ്യത്തുടനീളം രൂപപ്പെട്ടുവരുന്നു. ഇക്കൂട്ടർ വിവിധ വേദികളിൽ സഭയ്ക്കെതിരേ നിലപാടെടുക്കുന്നതും വിശ്വാസികളിലും പൊതുസമൂഹത്തിലും തെറ്റിദ്ധാരണകൾ സൃഷ്ടിച്ചിട്ടുള്ളതും ഗൗരവമായി കാണണം. **(6/2/2019)**

### ചർച്ച് ബിൽ പ്രതിഷേധാർഹം: ജോഷ്വ മാർ ഇഗ്നാത്തിയോസ്

**തിരുവനന്തപുരം:** ക്രൈസ്തവ സഭകൾ നടത്തുന്ന ആതുര ശുശ്രൂഷാലയങ്ങൾ പൂട്ടിക്കുന്ന തരത്തിൽ പുതിയ നിയമങ്ങളും സമീപന രീതികളും സർക്കാർ തലത്തിൽ കൊണ്ടുവരുന്നത് വളരെ ആശങ്കയോടുകൂടി മാത്രമേ കാണാൻ കഴിയുകയുള്ളൂവെന്ന് മാവേലിക്കര ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു. പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്ന മലങ്കര കാത്തലിക് അസോസിയേഷൻ ആഗോള സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ചർച്ച് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിട്യൂഷൻ ബില്ലിനെ എതിർക്കുന്നതായും അദ്ദേഹം പറഞ്ഞു. **(ദീപിക, 17/2/2019)**

### ആചാരാനുഷ്ഠാനങ്ങളിൽ അധികാരികൾ ഇടപെടരുത്: ആർച്ച് ബിഷപ് ഡോ. സൂസൈപാക്യം

**പത്തനാപുരം:** ആചാരാനുഷ്ഠാനങ്ങളിൽ അധികാരികൾ ഇടപെടാതിരിക്കുന്നതാണ് നല്ലതെന്ന് ആർച്ച് ബിഷപ് ഡോ. സൂസൈപാക്യം. കേരള റീജൺ കാത്തലിക് കൗൺസിലിന്റെ 33-ാമത് ജനറൽ അസംബ്ലിക്കുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു. അദ്ദേഹം. മുമ്പു മതവും രാഷ്ട്രവും പരസ്പരം ബഹുമാനിച്ചിരുന്നു. ഓരോ വിഭാഗങ്ങൾക്കും ഓരോ ആചാരങ്ങളാണ്. ആചാരങ്ങളുമായി ബന്ധപ്പെട്ട മാറ്റങ്ങൾ അതാതു മതവിഭാഗങ്ങൾ തീരുമാനിക്കണം. ഓരോ മതത്തിനും ഉള്ള ആചാരനുഷ്ഠാനങ്ങളിൽ സർക്കാർ കൈകടത്തരുത്. സമുദായ സംവരണം നിലനിർത്തണം. സാമ്പത്തിക സംവരണം ഭരണഘടനയ്ക്ക് എതിരാണ്. അവശത അനുഭവിക്കുന്നവർക്ക് സംവരണമല്ല വേണ്ടത്. അത്തരക്കാരെ സഹായിക്കാൻ സഭയും ഒരുക്കമാണെന്നും അദ്ദേഹം പറഞ്ഞു. **(ദീപിക, 18/2/2019)**

### ലത്തീൻ കത്തോലിക്കാ സമുദായം മൂല്യാധിഷ്ഠിത സമദൂര സിദ്ധാന്തം സ്വീകരിക്കുമെന്ന് പ്രമേയം

**പത്തനാപുരം:** ലത്തീൻ കത്തോലിക്കാ സമുദായം ലോക്സഭ തെരഞ്ഞെടുപ്പിൽ പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത സിദ്ധാന്തം സ്വീകരിക്കുമെന്ന് പ്രമേയം. കേരള റീജൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ മുപ്പത്തിമൂന്നാമത് ജനറൽ അസംബ്ലിയുടെ രാഷ്ട്രീയ പ്രമേയത്തിലാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നയത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ജനസംഖ്യയ്ക്ക് ആനുപാതികമായി സമുദായത്തിൽ നിന്നും ജനപ്രതിനിധികളുണ്ടാകണം. സഭയിലുണ്ടാകുന്ന തർക്കങ്ങൾ സഭയുടെ നിയമത്തിനും രാജ്യനിയമങ്ങൾക്കും അനുസൃതമായി പരിഹരിക്കും. സഭയുടെ മേൽ ബാഹ്യ ഇടപെടൽ അനുവദിക്കില്ല. ദലിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി നടപ്പിലാക്കാൻ നിയമസഭ പ്രമേയം പാസാക്കണം. **(ദീപിക, 18/2/2019)**

### ക്രൈസ്തവ സമൂഹത്തെ വിരട്ടി വരുതിയിലാക്കാമെന്നു സർക്കാർ കരുതരുത്: സിബിസിഐ ലെയ്റ്റി കൗൺസിൽ

**കോട്ടയം:** രാജ്യത്തിന്റെ ഭരണഘടന നല്കുന്ന അവകാശങ്ങളും നിലവിലുള്ള നിയമങ്ങളും ചർച്ച് ബില്ലിലൂടെ അട്ടിമറിച്ചു ക്രൈസ്തവ സമൂഹത്തെ വിരട്ടി വരുതിയിലാക്കാമെന്നും സഭാസ്ഥാപനങ്ങളുടെ നിയന്ത്രണം കൈവശപ്പെടുത്താമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ ധാർഷ്ഠ്യവും അതിമോഹവും വിലപ്പോകില്ലെന്നു സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. സഭാവിരുദ്ധ ശക്തികൾക്കു സഭയ്ക്കുള്ളിലേക്കു കടന്നുവരാനുള്ള വാതിൽ തുറന്നു കൊടുക്കുന്നതിന് നിർദ്ദിഷ്ട ചർച്ച് ബിൽ.

ക്രൈസ്തവ സഭാവിഭാഗങ്ങളിലെ സ്വത്തുവകകൾ കൈകാര്യം ചെയ്യുന്നതു ശരിയായ രീതിയിലല്ലെന്ന ധാരണപരത്തി അവഹേളിക്കുകയെന്ന ഗൂഢ ഉദ്ദേശ്യവും ഇതിനു പിന്നിലുണ്ട്.

രാജ്യത്തു നിലവിലുള്ള നിയമവ്യവസ്ഥകൾക്കും ഇന്ത്യൻ ഭരണഘടനയുടെ 26-ാം ആർട്ടിക്കിളിനും വിധേയമായി ഭാരതത്തിലുടനീളം ക്രൈസ്തവ സ്ഥാപനങ്ങളും സഭാസംവിധാനങ്ങളും സജീവ സാന്നിധ്യമായി പ്രവർത്തിക്കുമ്പോൾ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത നിയമ നിർമാണത്തിന് കേരളം മുതിരുന്നത്. **(ദീപിക, 19/2/2019)**

**പ്രാർഥനാ വസ്തുക്കൾക്കും ജി.എസ്.ടി. ബാധകം**

**തൃശ്ശൂർ:** പ്രാർഥനാവസ്തുക്കളായ കൊന്ത, രുദ്രാക്ഷം, മതഗ്രന്ഥങ്ങൾ തുടങ്ങി എല്ലാ വസ്തുക്കൾക്കും ജി.എസ്.ടി ബാധകമാക്കി. ഇതു സംബന്ധിച്ച മഹാരാഷ്ട്ര അപ്പലേറ്റ് അതോറിറ്റി ഓഫ് അഡ്വാൻസ് റൂളിങ്ങിന്റെ ഉത്തരവ് സെൻട്രൽ ജി.എസ്.ടിയുടെ അപ്പലേറ്റ് അതോറിറ്റി ശരിവെച്ചു. മതസ്ഥാപനങ്ങളെ ജി.എസ്.ടിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആദായ നികുതി നിയമപ്രകാരം മതസ്ഥാപനങ്ങൾക്ക് ഇളവുകളുണ്ട്. അതിനാൽ ഇവർ വിറ്റഴിക്കുന്ന വസ്തുക്കളെയും ജി.എസ്.ടി.യിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇത്തരം വസ്തുക്കൾ മതസ്ഥാപനങ്ങൾക്ക് പുറത്ത് വിറ്റഴിക്കുന്നതിന് ജി.എസ്.ടി ഈടാക്കിയിരുന്നു. ഒരേ വസ്തുക്കൾക്ക് ജി.എസ്.ടി നിയമപ്രകാരം വെവ്വേറെ നിലപാടെടുക്കുന്നതിനെ ചോദ്യംചെയ്താണ് അതോറിറ്റി ഓഫ് അഡ്വാൻസ് റൂളിങ്ങിൽ പരാതിയെത്തിയത്. അതോടെ മതസ്ഥാപനങ്ങൾവഴി വിറ്റഴിക്കുന്നവയ്ക്കും ജി.എസ്.ടി ബാധകമാണെന്ന ഉത്തരവുണ്ടായി. ഇതിനെ ചോദ്യംചെയ്ത് മതസ്ഥാപനങ്ങൾ സമർപ്പിച്ച ഹർജിയിലാണ് സെൻട്രൽ ജി.എസ്.ടിയുടെ അപ്പലേറ്റ് അതോറിറ്റിയാണ് അതോറിറ്റി ഓഫ് അഡ്വാൻസ് റൂളിങ്ങിന്റെ വിധി ശരിവച്ചത്. സുങ്കിത ശർമ, രാജീവ് ജലോട്ട എന്നിവരുടേതാണ് ഉത്തരവ്. സെൻട്രൽ ജി.എസ്.ടി യുടെ അപ്പലേറ്റ് അതോറിറ്റിയുടെ വിധി രാജ്യ മൊട്ടുക്കും ബാധകമാണ്. കൊന്തയ്ക്കും കൊന്ത ഉണ്ടാക്കുന്ന മുത്തിനും അഞ്ച് ശതമാനമാണ് ജി.എസ്.ടി. രൂപങ്ങളും പ്രതിമകളും ഉൾപ്പെടെ മറ്റുവസ്തുക്കൾക്ക് 18% വരെയുണ്ട്. പുതിയ ഉത്തരവോടെ പ്രാർഥനാവസ്തുക്കൾക്ക് വിലകൂടും. **(മാതൃഭൂമി, 8/1/2019)**

**പ്രതിഷേധം മറികടന്ന പൗരത്വ നിയമ ഭേദഗതി പാസാക്കി**

**ന്യൂഡൽഹി:** പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധത്തിനിടെ മുസ്ലിം ഇതര കുടിയേറ്റക്കാർക്ക് ഇന്ത്യൻ പൗരത്വം നല്കുന്നതിനുള്ള പൗരത്വ നിയമഭേദഗതി ബിൽ ലോക്സഭ പാസാക്കി. ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിലെത്തിയ ഹിന്ദു, ക്രിസ്ത്യൻ, പാഴ്സി, സിക്ക്, ബുദ്ധ, ജൈന മത വിശ്വാസികൾക്കാണു പ്രയോജനം. കോൺഗ്രസ്, സിപിഎം, തൃണമൂൽ എന്നിവർക്കൊപ്പം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള കക്ഷികളും നിയമഭേദഗതിയെ എതിർക്കുകയാണ്. ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തിനും രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്കും വെല്ലുവിളിയാണിതെന്ന് അവർ കുറ്റപ്പെടുത്തി. **(മലയാള മനോരമ, 9/1/2019)**

**സഭാആശുപത്രികളുടെ സാമൂഹ്യപ്രതിബദ്ധത മാതൃക: മുഖ്യമന്ത്രി പിണറായി**

**തൃശ്ശൂർ:** ക്രൈസ്തവ സഭയുടെ മേൽനോട്ടത്തിലുള്ള ആശുപത്രികൾ സാമൂഹ്യ പ്രതിബദ്ധതയോടെയാണ് സേവനം ചെയ്യുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനു ലഭിച്ച എൻ.എബി.എച്ച് അംഗീകാര സമർപ്പണം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വകാര്യ ആശുപത്രികളിൽ അമിതമായ ചികിത്സാനിരക്ക് ഈടാക്കുന്നതായി ആക്ഷേപമുണ്ട്. എന്നാൽ ക്രൈസ്തവ സഭയുടെ ആശുപത്രികൾ ന്യായമായ ചികിത്സാനിരക്കു മാത്രം ഈടാക്കുന്നതു സമൂഹത്തിന് ആശ്വാസകരമാണ്. ആരോഗ്യരംഗത്തു കേരളം മഹത്തായ നേട്ടങ്ങൾ കൈവരിച്ചതിനു പിന്നിൽ ഈ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിസ്മരിക്കാനാവില്ല. അമല ആശുപത്രിയുടെ പ്രവർത്തനം മാതൃകാപരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. **(ദീപിക, 13/1/2019)**

**ശിക്ഷ ഇളവു ചെയ്യുന്നതിൽ രാഷ്ട്രീയം അരുത്**

വി.എസ്.അച്യുതാനന്ദൻ സർക്കാർ 209 തടവുപുള്ളികളെ ശിക്ഷയിൽ ഇളവു നല്കി മോചിപ്പിച്ചത് ഹൈക്കോടതി റദ്ദാക്കിയതു മാനദണ്ഡങ്ങൾ മറികടന്നും രാഷ്ട്രീയ താത്പര്യങ്ങൾ കണക്കിലെടുത്തുള്ള ജയിൽ മോചനത്തിനെതിരെ വിരൽ ചൂണ്ടുന്നു. സമൂഹത്തിനെതിരെയോ വ്യക്തികൾക്കെതിരെയോ കുറ്റം ചെയ്യുന്നവർക്കാണു വിചാരണയ്ക്കുശേഷം തടവുശിക്ഷ വിധിക്കുന്നത്. അവർ ചെയ്ത അപരാധത്തിനുള്ള ശിക്ഷയാണീ മാറ്റിനിർത്തൽ. കുറ്റം ചെയ്യുന്നതിൽ നിന്നു മറ്റുള്ളവരെ പിന്തിരിപ്പിക്കുകയെന്നതും ഇത്തരം ശിക്ഷയുടെ ലക്ഷ്യമാണ്. ജയിൽശിക്ഷ അനുഭവിക്കുന്നവരെ മാനദണ്ഡങ്ങൾ ലംഘിച്ചും രാഷ്ട്രീയ പരിഗണനയോടെയും സർക്കാർ മോചിപ്പിക്കുന്നതു ശിക്ഷയുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നുവെന്നതിനാൽ അതു സമൂഹത്തോടുള്ള അപരാധമായി കാണണം. **(ദീപിക, 14/1/2019)**

**ഇന്ത്യയിലെ സമ്പത്ത് ഒൻപത് ശതകോടീശ്വരന്മാരുടെ കൈകളിൽ**

**60 ശതമാനത്തോളം പേർക്ക് ദേശീയ സമ്പത്തിന്റെ 4.8 ശതമാനം മാത്രം**

**ന്യൂഡൽഹി:** ഇന്ത്യയിലെ ആകെ സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നത് ഏതാനും ചില അതി സമ്പന്നരുടെ കൈകളിലാണെന്ന് പഠന റിപ്പോർട്ട്. ജനസംഖ്യയുടെ പകുതിയോളം പേരുടെ സമ്പത്തിന് തുല്യമായ സമ്പത്താണ് ഒമ്പതു ശതകോടീശ്വരന്മാർ കൈയാളുന്നതെന്ന് അന്താരാഷ്ട്ര ഏജൻസിയായ ഓക്സ്ഫാമിന്റെ വാർഷിക പഠന റിപ്പോർട്ട് വ്യക്ത മാക്കുന്നു.

ഇന്ത്യയിലെ 10 ശതമാനം വരുന്ന ജനങ്ങളുടെ കൈകളിലാണ് രാജ്യത്തെ 77.4 ശതമാനം സമ്പത്തുള്ളത്. ജനസംഖ്യയുടെ 60 ശതമാനത്തോളം പേർക്ക് ലഭ്യമായിരിക്കുന്നത് ദേശീയ സമ്പത്തിന്റെ 4.8 ശതമാനം മാത്രമാണെന്നും പഠനം പറയുന്നു. കഴിഞ്ഞ ഒരു വർഷംകൊണ്ട് 18 പുതിയ ശതകോടീശ്വരന്മാരാണ് ഇന്ത്യയിലുണ്ടായത്. ഇതോടെ ഇന്ത്യയിൽനിന്നുള്ള ശതകോടീശ്വരന്മാരുടെ എണ്ണം 119 ആയി. 28 ലക്ഷം കോടിയാണ് ഇവരുടെ ആകെ സമ്പത്ത്. കഴിഞ്ഞ ഒരു വർഷംകൊണ്ട് ഒരു ശതമാനം വരുന്ന അതി സമ്പന്നരുടെ സമ്പത്തിൽ 36 ശതമാനമാണ് വർധനയുണ്ടായത്. അതേസമയം രാജ്യത്തെ പകുതിയോളം വരുന്ന ദരിദ്രരുടെ സമ്പത്തിലുണ്ടായ വർധനവ് മൂന്നു ശതമാനം മാത്രമാണ്. **(സുപ്രഭാതം, 22/1/2019)**

**ദൈവശാസ്ത്രജ്ഞർ സഭാദർശനങ്ങൾ പങ്കുവയ്ക്കണം: കർദിനാൾ ഡോ. ലൂയിസ് ലദാരിയ**

**ബംഗളൂരു:** സഭയ്ക്കു ദൈവശാസ്ത്രം ആവശ്യമാണ്, ദൈവശാസ്ത്രജ്ഞനു സഭയും. ദൈവശാസ്ത്രജ്ഞർ പങ്കുവയ്ക്കുന്ന വിശ്വാസം സഭയുടെ വിശ്വാസവും പ്രബോധനവുമായിരിക്കണം. സഭയുടെ വിശ്വാസം ജനങ്ങൾക്കു ജീവിക്കാൻ ഉതകുന്ന തരത്തിൽ അവതരിപ്പിക്കുകയും പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യുകയെന്നതാണ് ദൈവശാസ്ത്രജ്ഞ രുടെ ദൗത്യം. സഭയുടെ വിശ്വാസത്തിന്റെ പങ്കുവയ്ക്കലിൽ ഭാരതസഭയിലെ ദൈവശാസ്ത്രജ്ഞരുടെ പങ്ക് അഭിനന്ദനാർഹമാണ് - റോമിലെ വിശ്വാസതിരുസംഘം

പ്രീഫെക്ട് കർദിനാൾ ലൂയിസ് ലദാരിയ ബംഗളൂരുവിൽ പറഞ്ഞു. **(ദീപിക, 24/1/2019)**

**മതേതരത്വവും മതസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടണം: ഇന്റർ ചർച്ച് കൗൺസിൽ**

**തിരുവല്ല:** വിശ്വാസങ്ങളെ രാഷ്ട്രീയവത്കരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മതേതരത്വവും മത സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുകയും സമൂഹ ത്തിന്റെ സമാധാനപൂർണമായ സഹവർത്തിത്വത്തെ സാധ്യ മാക്കുകയും ചെയ്യുന്ന നിലപാടു സ്വീകരിക്കണമെന്ന് ഇന്റർചർച്ച് കൗൺസിൽ ആവശ്യപ്പെട്ടു.

സഭൈക്യ പ്രാർഥനാവാരത്തിന്റെ സമാപന ദിനത്തിൽ മാർത്തോമ്മാ സഭാ ആസ്ഥാനമായ തിരുവല്ല പുലാത്തീനിൽ നടന്ന, കേരളത്തിലെ സഭകളിലെ മേലധ്യക്ഷന്മാർ പങ്കെടുത്ത ഇന്റർ ചർച്ച് കൗൺസിൽ സമ്മേളനത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷതവഹിച്ചു. കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാബാവ മുഖ്യപ്രഭാഷണം നടത്തി. മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത സന്ദേശം നല്കി. **(ദീപിക, 26/1/2019)**

**കേരള നവോത്ഥാനത്തിൽ ക്രൈസ്തവ സഭകളുടെ പങ്ക് ചരിത്രസത്യം: മലങ്കര കാത്തലിക് അസോസിയേഷൻ**

**മൂവാറ്റുപുഴ:** കേരള നവോത്ഥാനത്തിൽ ക്രൈസ്തവ സഭകളുടെ പങ്ക് ചരിത്രസത്യമാണെന്നു മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതി. സംഭാവനകളെ തിരസ്കരിക്കാൻ ബോധപൂർവമായ ശ്രമങ്ങളെ യോഗം പ്രമേയത്തിലൂടെ അപലപിച്ചു. ക്രൈസ്തവ മിഷനറിമാരും ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും മാർ ഇവാനിയോസ് മെത്രാ പ്പോലീത്തയും ഉൾപ്പെടെ മഹാരഥന്മാരായ ക്രൈസ്തവ നേതൃത്വത്തിന്റെയും സഭകളുടെയും ത്യാഗോജ്ജ്വലമായ സംഭാവനകളാണ് ഇന്നത്തെ സമൂഹത്തിന്റെ വളർച്ചയുടെ നിദാനമെന്നും യോഗം അഭിപ്രായപ്പെട്ടു. **(ദീപിക, 3/2/2019)**

**ന്യൂനപക്ഷ അവകാശങ്ങൾ സർക്കാർ കവർന്നെടു ക്കരുത്: മാർ ജോസഫ് പാംപ്ലാനി**

**കണ്ണൂർ:** കേരള വിദ്യാഭ്യാസ നിയമത്തിന്റെ ഭേദ ഗതിയിലൂടെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂച്ചുവിലങ്ങിടാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് തലശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി. കെഇആർ ഭേദഗതിയിലൂടെ ന്യൂനപക്ഷ വിഭാഗത്തിന്റെ അവകാശങ്ങൾ ഹനിക്കാനുള്ള നീക്കത്തെ ശക്തമായി പ്രതിരോധിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളകാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം കണ്ണൂർ സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. **(ദീപിക, 9/2/2019)**

**നവോത്ഥാനത്തിൽ ക്രൈസ്തവ സംഭാവനകൾ പ്രാധാന്യമേറിയത് : മാർ ആൻഡ്രൂസ് താഴത്ത്**

**കണ്ണൂർ:** രാജ്യത്ത് നടന്ന നവോത്ഥാന പ്രസ്ഥാന ങ്ങളിൽ ക്രൈസ്തവസഭ വളരെ പ്രധാനപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ടെന്ന് തൃശൂർ ആർച്ചു ബിഷപ്പും കെസി ബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനുമായ മാർ ആൻഡ്രൂസ് താഴത്ത്.

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനവും വിദ്യാഭ്യാസ അവകാശ സംരക്ഷണ കൺവൻഷനും കണ്ണൂർ സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തൊട്ടു കൂടായ്മയും തീണ്ടലും നിലനിന്നിരുന്ന കാലത്ത് ജാതിമത ചിന്തകൾക്കതീതമായി എല്ലാവർക്കും വിദ്യാഭ്യാസം പകർന്നുനല്കുന്നതിനു തുടക്കം കുറിച്ചത് മിഷനറിമാരാണ്. പള്ളിക്കൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് കേരളത്തിലെ പൊതുസമൂഹത്തിന് വിദ്യാഭ്യാസം പകർന്നു നല്കിയ സഭയുടെ വിലപ്പെട്ട പ്രവർത്തനങ്ങൾ സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. എന്നാൽ ഇക്കാര്യങ്ങളെല്ലാം ബോധപൂർവം തമസ്കരിക്കാനുള്ള ഗൂഢശ്രമങ്ങളാണ് ചിലർ ഇപ്പോൾ നടത്തുന്നത്. ഭരണഘടന ന്യൂന പക്ഷങ്ങൾക്ക് വിദ്യാഭ്യാസരംഗത്തുൾപ്പെടെ പ്രത്യേക അവകാശങ്ങൾ നല്കിയിട്ടുണ്ട്. ഇത്തരം അവകാശങ്ങൾ കെഇആർ ഭേദഗതിയിലൂടെ കവർന്നെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് അനുവദിക്കാനാകില്ല. സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്നും ആർച്ചുബിഷപ്പ് പറഞ്ഞു. **(ദീപിക, 10/2/2019)**

**കെഇആർ ഭേദഗതികൾ പിൻവലിക്കണം: കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

**കണ്ണൂർ:** ഭരണഘടനാവിരുദ്ധമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ സംസ്ഥാനസർക്കാർ നടപ്പാക്കിയ ഭേദഗതികൾ പിൻവലിക്കണമെന്ന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു.

നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുക, അധ്യാപകരുടെ ഹ്രസ്വകാല അവധി ഒഴിവുകളിലെ സേവനകാലം പെൻഷന് പരിഗണി ക്കില്ലെന്ന സർക്കാർ നിലപാട് പുനഃപരിശോധിക്കുക, പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയും കാര്യക്ഷമതയും തകർക്കുന്ന ഹയർസെക്കൻഡറി ഏകീകരണ നടപടികൾ നിർത്തി വയ്ക്കുക എന്നീ ആവശ്യങ്ങളും സമ്മേളനം പ്രമേയ ത്തിലൂടെ ഉന്നയിച്ചു. ന്യൂനപക്ഷ വിദ്യാഭ്യാസ സംരക്ഷണ ത്തിലും അധ്യാപകപ്രശ്നങ്ങളിലും കാര്യക്ഷമവും ത്വരിതവുമായ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം നടത്തുമെന്നും സമ്മേളനം മുന്നറിയിപ്പ് നല്കി. **(ദീപിക, 10/2/2019)**

**സഭയ്ക്കെതിരായുള്ള മാഫിയ ഇടപെടലുകൾ അന്വേ ഷിക്കണം: കത്തോലിക്കാ കോൺഗ്രസ്**

**കൊച്ചി:** ക്രൈസ്തവസഭയെ തകർക്കുവാനുള്ള അധോലോകമാഫിയ ഇടപെടലുകൾ സമഗ്ര അന്വേഷണ വിധേയമാക്കണമെന്നു കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. രവി പൂജാരിയെപ്പോലുള്ള അധോലോക മാഫിയകൾ സഭക്കെതിരെയുള്ള സമരങ്ങളിലും വിധ്വംസക പ്രവർത്തനങ്ങളിലും പങ്കുകാരാകുന്നുണ്ടെന്ന വിശ്വസനീയമായ വെളിപ്പെടുത്തലുകളുടെ അടിസ്ഥാന ത്തിൽ സർക്കാർ നീതിയുക്തമായ അന്വേഷണത്തിന് തയ്യാറാകണം. സഭയേയും അതിലൂടെ ക്രൈസ്തവരേയും ഒന്നടങ്കം അപകീർത്തിപ്പെടുത്തുവാനുള്ള തുടർച്ചയായ ശ്രമങ്ങൾ നടന്നുവരികയാണ്.

ഇതിനു പിന്നിൽ സഭാവിരുദ്ധരും മയക്കു മരുന്നു മാഫിയകളും അധോലോക ബന്ധങ്ങളും ഉണ്ടെന്നു വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ അന്വേഷണം നീതിപൂർവകമായ ഒരു സമൂഹത്തിന്റെ നിലനില്പിന് ആവശ്യമാണ്. **(ദീപിക, 10/2/2019)**

**യുവജനങ്ങൾ മതേതരമൂല്യങ്ങളുടെ സംരക്ഷകരാണം: ബിഷപ് ജോസഫ് മാർ തോമസ്**

**കൊച്ചി:** മതേതര മൂല്യങ്ങളുടെ സംരക്ഷകരാകാൻ

യുവജനങ്ങൾക്കു സാധിക്കണമെന്നു കെസിബിസി യൂത്ത് കമ്മീഷൻ ചെയർമാൻ ബിഷപ് ജോസഫ് മാർ തോമസ് അഭിപ്രായപ്പെട്ടു. കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗം (ആത്മ-2019) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമൂഹികമായി ഇന്നത്തെ സമൂഹത്തിൽ ഇടപെടേണ്ട വിഷയങ്ങളെക്കുറിച്ചും 'സ്നേഹത്തിൽ ഒന്നായി യുവത കരുണയ്ക്കും സാക്ഷ്യത്തിനും' എന്ന പ്രവർത്തന മുദ്രാവാക്യത്തെക്കുറിച്ചും സംഘടനയുടെ സംസ്ഥാനതല പരിപാടികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴിക്കാടൻ അധ്യക്ഷത വഹിച്ചു.

ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, യൂത്ത് കമ്മീഷൻ ജോയിന്റ് സെക്രട്ടറി ഫാ. ജോസഫ് ആലഞ്ചേരി, ജനറൽ സെക്രട്ടറി ബിജോ പി. ബാബു, ഭാരവാഹികളായ ജോസ് റാൽഫ്, ഡെലിൻ ഡേവീസ്, കെ.എസ്. ടീന വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആന്റണി ജൂഡി, തേജസ് മാത്യൂ കറുകയിൽ, സന്തോഷ് രാജ്, ഷാരോൺ കെ. റെജി എന്നിവർ പ്രസംഗിച്ചു. **(ദീപിക, 16/2/2019)**

**വിദ്യാലയങ്ങളിൽ നിന്നു ജാതിവ്യവസ്ഥയെ പടിയിറക്കിയതാണ് നവോത്ഥാനം: മാർ ജോസഫ് പാംപ്ലാനി**

**മാരാമൺ:** മിഷനറിമാരുടെ പ്രവർത്തനഫലമായി കേരളത്തിൽ വിദ്യാലയങ്ങൾ തുടങ്ങിയതും കുട്ടികളെ ഒരേ പന്തിയിലിരുത്തി ഭക്ഷണം വിളമ്പിയതുമാണ് യഥാർഥ നവോത്ഥാനമെന്ന് സീറോ മലബാർ സഭ മാധ്യമ സമ്മീഷൻ ചെയർമാനും തലശേരി സഹായ മെത്രാനുമായ മാർ ജോസഫ് പാംപ്ലാനി. മാരാമൺ കൺവൻഷനോടനുബന്ധിച്ച് നടന്ന യുവവേദി യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. **(ദീപിക 15/2/2019)**

**ജനതാത്പര്യമെന്ന കെണിയിൽ കോടതികൾ വീഴരുത്: ജസ്റ്റിസ് കുര്യൻ ജോസഫ്**

**കൊച്ചി:** ജനങ്ങളുടെ താത്പര്യം എന്ന കെണിയിൽ കോടതികൾ വീഴരുതെന്ന് സുപ്രീംകോടതി റിട്ട. ജസ്റ്റിസ് കുര്യൻ ജോസഫ്. ജനങ്ങൾക്ക് എന്താണ് അഭിലഷണീയമെന്നത് നോക്കേണ്ടത് ജനപ്രതിനിധികളുടെ സഭകളാണ്. ഭരണഘടനാപരമായ കാര്യങ്ങളാണ് കോടതി പരിശോധിക്കേണ്ടത്. ഭരണകൂട ധാർമികതയാണ് കോടതി നോക്കേണ്ടത്. നിയമങ്ങളുടെയും തീരുമാനങ്ങളുടെയും ഭരണഘടനാ സാധുത നോക്കുകയാണ് കോടതിയുടെ ലക്ഷ്യമെന്നും കുര്യൻ ജോസഫ് പറഞ്ഞു. കൃതി വിജ്ഞാനോൽസവത്തിൽ ജുഡീഷ്യറിയുടെ മാറുന്ന മുഖം എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. **(മംഗളം, 17/2/2019)**

**ചില ജഡ്ജിമാർ പുരോഗമനവാദികളാകാൻ മത്സരിക്കുന്നു: ജസ്റ്റിസ് എബ്രഹാം മാത്യു**

**കൊച്ചി:** പുരോഗമനവാദികളാണു തങ്ങളെന്നു കാണിക്കാൻ ചില ജഡ്ജിമാർ മത്സരിക്കുന്നതു നീതിന്യായ രംഗത്തെ പുതിയകാല പ്രവണതകളിലൊന്നാണെന്നു ജസ്റ്റിസ് എബ്രഹാം മാത്യു അഭിപ്രായപ്പെട്ടു. കേരള തിയോളജിക്കൽ അസോസിയേഷന്റെ (കെടിഎ) നേതൃത്വത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ നടത്തിയ സെമിനാറിൽ, പൗരന്റെ മൗലികാവകാശങ്ങളും മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളും എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അടുത്തകാലത്തു കോടതികളിൽനിന്നുണ്ടായ ഏതാനും വിധികളിലും അതിന്റെ വ്യാഖ്യാനങ്ങളിലും പുരോഗമന ചിന്തകളുടെ മത്സരസ്വഭാവം കാണാനാകും. നടപ്പാക്കാനാവാത്ത വിധികൾ പ്രസ്താവിക്കാതിരിക്കുകയാണ് ഉചിതമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യക്തിസ്വാതന്ത്ര്യവും മതാചാരങ്ങളും ക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ എന്ന വിഷയത്തിൽ റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ വിഷയാവതരണം നടത്തി.

ജസ്റ്റിസ് കുര്യൻ ജോസഫ് മുതിർന്ന ദൈവശാസ്ത്രജ്ഞരെ ആദരിച്ചു. റവ. ഡോ. ജോർജ് തേറുകാട്ടിൽ (ധാർമികശാസ്ത്രം), റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ (ബൈബിൾ) റവ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ (സുറിയാനി ഭാഷ), പ്രഫ. സ്കറിയ (മലയാളഭാഷയും ക്രൈസ്തവ മതവും) എന്നിവരെയാണ് ആദരിച്ചത്. ഫ്രാൻസിസ് മാർപാപ്പയുടെ സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക ആഹ്വാനത്തെ ആധാരമാക്കി കെടിഎ തയാറാക്കിയ പ്രായോഗിക നിർദേശങ്ങളടങ്ങിയ ഗ്രന്ഥം റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കു നല്കി ജസ്റ്റിസ് എബ്രാഹാം മാത്യു പ്രകാശനം ചെയ്തു. **(ദീപിക, 17/2/2019)**

**പുനർനിർമാണത്തിനിടെ വിഭാഗീയത ദുഃഖകരം: ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത**

**പത്തനാപുരം:** പ്രളയാനന്തര പുനർനിർമാണത്തിന്റെ കാലത്തു തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് വിഭാഗീയ ചിന്ത വളർത്തുന്നത് ദുഃഖകരമാണെന്ന് മലങ്കര മാർതോമ സുറിയാനി സഭയുടെ മേലധ്യക്ഷൻ ഡോ. ജോസഫ് മാർതോമ മെത്രാപ്പോലീത്ത. പുനലൂർ പത്തനാപുരം സെന്റ് സേവ്യേഴ്സ് വിദ്യാനികേതനിൽ കേരള റീജിയൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി) 33-ാംമത് ജനറൽ അസംബ്ലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം നീതി ബോധം പുലർത്തുക, ദയാതത്പരരായിരിക്കുക. വിനയത്തോടെ ദൈവസന്നിധിയിൽ നടക്കുക എന്ന പ്രവാചക വചനങ്ങൾ ഇന്ന് ക്രൈസ്തവജീവിത ത്തിൽ മാത്രമല്ല, സമൂഹത്തിലാകെ സാഹോദര്യത്തോടെ ഒരുമിച്ച് പ്രവർത്തിക്കുന്നതിന് മാർഗദർശകമാണെന്നും അദ്ദേഹം പറഞ്ഞു. കെആർഎൽസിസി അധ്യക്ഷൻ ആർച്ചുബിഷപ് ഡോ.എം. സൂസൈപാക്യം അധ്യക്ഷത വഹഗിച്ചു. **(ദീപിക, 17/2/2019)**

**ദുർബലരും ന്യൂനപക്ഷവും നിശബ്ദരാക്കപ്പെടുന്നു: മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ക്ലീമിസ് ബാവ മലങ്കര കത്തോലിക്കാ സഭയുടെ വൈദിക സംഗമം**

**തിരുവനന്തപുരം:** ദുർബലരും ന്യൂനപക്ഷവും തന്ത്രപരമായി നിശബ്ദരാക്കപ്പെടുന്ന ദുഃഖകരമായ സാഹചര്യമാണ് രാജ്യത്തുള്ളതെന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവാ. മലങ്കര കത്തോലിക്കാ സഭയുടെ സഭാതല വൈദികസംഗമം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വൈദികർക്കു വേണ്ടിയുള്ള സൂനഹദോസ് കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ മക്കാറിയോസ്, കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കുരുവിള പീടികയിൽ ഐസി എന്നിവർ പ്രസംഗിച്ചു. ഇന്നലെ നടന്ന വിവിധ സെഷനുകളിൽ ചങ്ങനാശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ, അമേരിക്കൻ പ്രഭാഷകൻ ഫാ. സ്റ്റാൻ ഫൊർത്തുണ എന്നിവർ വിഷയാവതരണം നടത്തി. **(ദീപിക, 19/2/2019)**

# വാങ്മയം

## ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുമായി പെരുമ്പടവം ശ്രീധരൻ






**കൊച്ചി:** ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പു പതിഞ്ഞ പുണ്യാത്മാവായി വിശ്വസാഹിത്യകാരൻ ദസ്തയേവ്സ്കിയെ മലയാളത്തിൽ അവതരിപ്പിച്ച പ്രിയപ്പെട്ട എഴുത്തുകാരൻ പെരുമ്പടവം ശ്രീധരന് ആദരമർപ്പിച്ച് പാലാരിവട്ടം പി.ഒ.സി.യിലെ സാഹിത്യ കൂട്ടായ്മയായ 'വാങ്മയം'. വായനക്കാരുടെ മനസ്സിന് വിശുദ്ധി പകരും വിധമുള്ള രചനകളാണ് പെരുമ്പടവത്തിന്റേതെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ജോൺ പോൾ പറഞ്ഞു.

മൂന്നേകാൽ ലക്ഷത്തോളം കോപ്പികൾ വിറ്റുപോവുകയും തർജമയിലൂടെ ഒട്ടേറെ വിദേശഭാഷകളിലേക്ക് മലയാളത്തെ കൊണ്ടെത്തിക്കുകയും ചെയ്ത 'സങ്കീർത്തനം പോലെ' എന്ന നോവലിനപ്പുറം വേറെയും നിരവധി വലിയ കൃതികളുടെ രചയിതാവാണ് പെരുമ്പടവം ശ്രീധരനെന്ന് ഫാ. വർഗീസ് വള്ളിക്കാട്ട് ചൂണ്ടിക്കാട്ടി.

പ്രൊഫ. മ്യൂസ് മേരി ജോർജ്, ഫാ. ജോളി വടക്കൻ, പ്രൊഫ. ഷാജി ജോസഫ് എന്നിവർ സംസാരിച്ചു. പെരുമ്പടവം ശ്രീധരനും വേണു വി. ദേശവുമായി സർഗസംവാദവും നടത്തി. **(7/2/2019)**

## മനുഷ്യനന്മയെ ചേർത്തുപിടിക്കുന്നവയാണ് പുസ്തകങ്ങൾ: എൻ. ശശിധരൻ



**കൊച്ചി:** മാനവികതയുടെ നന്മകളെ ഹൃദയത്തോടു ചേർത്തുപിടിക്കുന്നവയാണ് പുസ്തകങ്ങൾ എന്നു എൻ. ശശിധരൻ. പാലാരിവട്ടം പി.ഒ.സിയിലെ വാങ്മയം സാഹിത്യക്കൂട്ടായ്മയുടെ പ്രഥമ പുരസ്കാരം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാനവികമായ സാമൂഹികനന്മകൾ വെല്ലുവിളി നേരിടുന്ന ഇക്കാലത്ത് മനുഷ്യപക്ഷത്ത് ഉറച്ചുനിന്നേ തീരൂ എന്ന് അദ്ദേഹം ഓർമിപ്പിച്ചു.

കഥാകൃത്ത് അഷ്ടമൂർത്തി പുരസ്കാരം സമർപ്പിച്ചു. കഥയെക്കാൾ സൗന്ദര്യപൂർണമാണ് എൻ. ശശിധരന്റെ നിരൂപണലേഖനങ്ങളെന്ന് അഷ്ടമൂർത്തി പറഞ്ഞു. റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷനായിരുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

കഥാകൃത്ത് സന്തോഷ് ഏച്ചിക്കാനം മുഖ്യപ്രഭാഷണം നടത്തി. എഴുത്തുകാരായ അയ്മനം ജോൺ, പി.എഫ്. മാത്യൂസ്, ജോർജ് ജോസഫ് കെ., പ്രിയ എ.എസ്, രാഹുൽ രാധാകൃഷ്ണൻ, സി.പി. ബിജു, ജയൻ ശിവപുരം, പി.എസ്. റഫീഖ്, ജി. ബി. വത്സൻ, പി.വി. ഷാജികുമാർ, ഭാഗ്യനാഥ്, ബിജോയ് ചന്ദ്രൻ, കെ.ജി. വിജയൻ, ആർ. സുഗതൻ എന്നിവർ സംസാരിച്ചു. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി സ്വാഗതവും പ്രൊഫ. ഷാജി ജോസഫ് നന്ദിയും പറഞ്ഞു. **(7/1/2019)**